പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 451 — 20/07/2010-ൽ മറുപടിക്ക്

## ധനവിനിയോഗ രംഗത്ത് വിവിധ വകുപ്പുകളിലെ അധികാര വികേന്ദ്രീകരണം.

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. കെ.വി കുഞ്ഞിരാമൻ<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. പി. ജയരാജൻ | ശ്രീ. റ്റി.എം. തോമസ് ഐസക്<br>ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രി |
| (എ) | ഈ സർക്കാർ വന്നശേഷം ധനവിനിയോഗ രംഗത്ത് വിവിധ വകുപ്പുകളിൽ അധികാര വികേന്ദ്രീകരണം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | കെ.വി. രബീന്ദ്രൻ നായർ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകൾക്കും വകുപ്പ് തലവന്മാർക്കും സാമ്പത്തികാധികാരം വർദ്ധിപ്പിച്ചു കൊണ്ടുള്ള ഉത്തരവ് 6/08/08-ലെ സ.ഉ (പി) നം. 350/08/ധന പ്രകാരം പുറപ്പെടുവിച്ചു. |
| (ബി) | വകുപ്പ് തലവന്മാരുടേയും കീഴുദ്യോഗസ്ഥരുടേയും ധനവിനിയോഗാധികാരത്തിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്? | വകുപ്പ് തലവന്മാരുടെ ധനവിനിയോഗാധികാരം 6/08/08-ലെ സ.ഉ (പി) നം. 350/08/ധന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു കൂടാതെ ചില വകുപ്പ് തലവന്മാർക്ക് അവരുടെ വകുപ്പിന്റെ പ്രത്യേകത കണക്കാക്കി ഭരണ നിർവ്വഹണം നടത്തുന്നതിന് സാമ്പത്തികാധികാരത്തിൽ മാറ്റങ്ങൾ വരുത്തി ഉത്തരവായിട്ടുണ്ട്. (വിശദീകരണ കുറിപ്പ് അനുബന്ധമായി വയ്ക്കുന്നു.) |
| (സി) | ഇക്കാര്യത്തിൽ എന്തെങ്കിലും പുതിയ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | തൽക്കാലം ഇല്ല. |
| (ഡി) | ഉദ്യോഗസ്ഥരുടെ സാമ്പത്തികാധികാരത്തിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തുമോ? | ഭരണപരമായ ആവശ്യം ഉണ്ടെന്ന് തോന്നുകയാണെങ്കിൽ വരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

പ്രസിദ്ധീകരണം നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്

13 copies

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 452 20-07-2010 ന് മറുപടിക്ക്

## വനസംരക്ഷണ രംഗത്തെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി. അനിൽകുമാർ:<br>" വി.ഡി. സതീശൻ:<br>" കെ. ബാബു: | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ വനസംരക്ഷണ രംഗത്ത് എന്തൊക്കെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി എന്ന് വെളിപ്പെടുത്തുമോ; | (എ) വനസംരക്ഷണ രംഗത്ത് ക്രിയാത്മകവും കാര്യക്ഷമവുമായ ഒട്ടേറെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. റിസർവ്വ് വന വിസ്തൃതി വർദ്ധിപ്പിക്കൽ, വനം കൈയ്യേറ്റം തടയൽ, പങ്കാളിത്ത വനപരിപാലനം ശക്തിപ്പെടുത്തൽ, വനനിയമങ്ങളുടെ ഭേദഗതി, വനകുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നടപടികൾ, ചന്ദനക്കാടുകളുടെ സംരക്ഷണം ഉറപ്പുവരുത്തൽ, സാമൂഹ്യ വനവൽക്കരണത്തിന് ഊന്നൽ നൽകിയിട്ടുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ ഇവയിൽ ചിലതാണ്. വിശദാംശങ്ങൾ അനുബന്ധം ഒന്നായി ചേർക്കുന്നു. |
| (ബി) സംസ്ഥാനത്തെ വനസംരക്ഷണം കാര്യക്ഷമമായി നടപ്പാക്കുന്നതിന് സർക്കാർ രൂപീകരിച്ച വനനയത്തിലെ ലക്ഷ്യങ്ങൾ കൈവരിക്കും എന്നുറപ്പ് വരുത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് | (ബി) ഈ സർക്കാർ കൊണ്ടുവന്ന വനനയത്തിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്റെ ഭാഗമായി വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പ്രധാനമായും താഴെ പറയുന്ന സംവിധാനങ്ങളാണ് ശക്തിപ്പെടുത്തുന്നത്.<br>1. വനാതിർത്തികളുടെ സർവ്വേയും വേർതിരിക്കലും.<br>2. വാഹന-വാർത്താവിനിമയ-ആയുധ സൗകര്യങ്ങളുള്ള ഫോറസ്റ്റ് സ്റ്റേഷനുകൾ |

ഉള്ളത്?

കൂടുതൽ സ്ഥാപിക്കൽ

3. ബോധവൽക്കരണ പരിപാടികളുടെ വിപുലീകരണം
4. വി.എസ്.എസ്/ഇ.ഡി.സി അംഗങ്ങളുടെ പങ്കാളിത്തത്തോടെ അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കൽ.
5. പങ്കാളിത്ത വനപരിപാലനവും വനാശ്രിത സമൂഹത്തിനായുള്ള വികസന പ്രവർത്തനങ്ങളും ഊർജ്ജിതമാക്കൽ
6. സംസ്ഥാന വനവികസന ഏജൻസി, വനശ്രീ എന്നീ പദ്ധതികൾ
7. ചന്ദന സംരക്ഷണത്തിനായി നിയമഭേദഗതിയും, ഡോഗ് സ്ക്വാഡ് രൂപീകരണവും.
8. ഇന്റലിജൻസ് സെല്ലിന്റെ പ്രവർത്തനം ഊർജ്ജിതമാക്കൽ.
9. കഞ്ചാവ് കൃഷി, വ്യാജ ചാരായവാറ്റ്, വന്യമൃഗവേട്ട എന്നിവ തടയുന്നതിന് പോലീസ്, എക്സൈസ് വകുപ്പുകളുമായും അയൽ സംസ്ഥാന ഉദ്യോഗസ്ഥരുമായും ചർച്ചയും സഹകരണവും.
10. സംരക്ഷിത മേഖലകൾക്കും മറ്റ് ജൈവ വൈവിദ്ധ്യ പ്രാധാന്യമുള്ള വന മേഖലകൾക്കും പ്രത്യേകം സംരക്ഷണ പദ്ധതികൾ.

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

ചന്ദന സംരക്ഷണത്തിനായി വന നിയമ ഭേദഗതി, ചന്ദനമോഷണം തടയുന്നതിന് പ്രത്യേക സംവിധാനങ്ങളും, ദൈനംദിന അവലോകനവും, വനമേഖലയിലെ കഞ്ചാവ് കൃഷി നിർമാർജ്ജനം, വ്യാജവാറ്റ് നിർമ്മാർജ്ജനം, വനം കയ്യേറ്റം തടയൽ, വനം കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിന് വേണ്ടിയുള്ള ഡോഗ് സ്ക്വാഡിന്റെ രൂപീകരണം, പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങൾ ഏറ്റെടുക്കൽ, പങ്കാളിത്ത വനപരിപാലനം ശക്തിപ്പെടുത്തുന്നതിന് വേണ്ടി കൂടുതൽ വനവികസന ഏജൻസി, വി.എസ്.എസ്/ ഇ.ഡി.സി എന്നിവയുടെ രൂപീകരണം, അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ, അന്തർ സംസ്ഥാന കുറ്റവാളികളെ കണ്ടുപിടിക്കുന്നതിന് മറ്റ് സംസ്ഥാനങ്ങളിലെ വനംവകുപ്പു മായുള്ള സഹകരണം മെച്ചപ്പെടുത്തൽ എന്നീ പ്രവർത്തനങ്ങൾക്കാണ് ഈ സർക്കാർ പ്രധാനമായും നേതൃത്വം നൽകിയിട്ടുള്ളത്.

അനധികൃത വന്യജീവി വ്യാപാരവും, സംഘടിത വനം-വന്യജീവി കുറ്റകൃത്യങ്ങളും തടയുന്നതിന്റെ ഭാഗമായി ദക്ഷിണേന്ത്യയിലെ വനം മന്ത്രിമാരുടെ സമ്മേളനങ്ങൾ നടത്തുന്നുണ്ട്. വനം, പോലീസ്, എക്സൈസ് ഉദ്യോഗസ്ഥരെ ഉൾക്കൊള്ളിച്ച് ശിൽപശാലകൾ നടത്തുന്നുണ്ട്. സംസ്ഥാന അതിർത്തികളിൽ സംയുക്ത പട്രോളിംഗ് നടത്തുന്നുണ്ട്. കടുവ/പുലിത്തോലുകൾ, പാമ്പിൻ വിഷം, ആനക്കൊമ്പ് തുടങ്ങിയവ നിരന്തരമായ റെയിഡുകളുടെയും പരിശോധനകളുടെയും ഫലമായി കണ്ടെടുക്കുകയും ചെയ്തിട്ടുണ്ട്. വനമേഖലകളിൽ തീവ്രവാദി സാന്നിദ്ധ്യം തടയുന്നതിന്‌വേണ്ടി വന ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വരുന്നു.

<u>പന്ത്രണ്ടാം കേരള നിയമസഭ</u>

<u>പത്തൊമ്പതാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 453 20.07.2010 ൽ മറുപടിക്ക്</u>

## <u>ഇന്റേണൽ ഓഡിറ്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടി</u>

| ചോദ്യം : – | ഉത്തരം |
|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.കെ. ടി. ജലീൽ<br>ശ്രീ.എം.എം. മോനായി. | ശ്രീ. വി.എസ് അച്യുതാനന്ദൻ,<br>മുഖ്യമന്ത്രി. |
| എ) വിവിധ വകുപ്പുകളിലെ ഇന്റേണൽ ഓഡിറ്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | വിവിധ വകുപ്പുകളിലെ ഇന്റേണൽ ഓഡിറ്റ് വിഭാഗങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും, അവർ തയ്യാറാക്കുന്ന ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ടുകൾ പരിശോധിച്ച് വേണ്ട തുടർനടപടികൾ നിർദ്ദേശിക്കുന്നതിനുമായി ധനകാര്യ വകുപ്പിൽ "ഇന്റേണൽ ഓഡിറ്റ് സെൽ" പ്രവർത്തിച്ചുവരുന്നു.<br><br>വിവിധ വകുപ്പുകളിൽ ഇന്റേണൽ ഓഡിറ്റ് വിഭാഗം രൂപീകരിക്കുന്നതിനുള്ള സർക്കുലർ നിർദ്ദേശം നൽകിയതിനു പുറമെ പ്രസ്തുത സർക്കുലറുകളും ഇന്റേണൽ ഓഡിറ്റ് സംബന്ധമായ മാർഗ്ഗനിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ച് ഒരു കൈപ്പുസ്തകം തയ്യാറാക്കി എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും ലഭ്യമാക്കിയിട്ടുണ്ട്.<br><br>കൂടാതെ അവയുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനായി നാളിതുവരെയുള്ള, വകുപ്പുകളിലെ ഇന്റേണൽ ഓഡിറ്റ് സംവിധാനത്തിന്റെ പ്രവർത്തനം സംബന്ധിച്ചുള്ള സമഗ്ര വിവരങ്ങൾ സർക്കാരിന് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശം എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും ഇതിനകം നൽകിയിട്ടുണ്ട്.<br><br>കൂടാതെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ (64-ാമതു റിപ്പോർട്ടിലെ 4-ാം ഖണ്ഡിക) നിർദ്ദേശാനുസരണം. അനുവദനീയമായ ഫണ്ടിൽ കൂടുതൽ ചെലവഴിക്കുന്നത് പ്രത്യേകം നിരീക്ഷിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമായി ഇന്റേണൽ ഓഡിറ്റ് |

| | |
|---|---|
| | വിനിയോഗങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 19/1/2010 തീയതിയിലെ 4/2010 നമ്പർ സർക്കുലർ പ്രകാരം എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാർക്കും നൽകിയിട്ടുണ്ട്.<br><br>ഇവയ്ക്കു പുറമെ ഇന്റേണൽ ഓഡിറ്റ് ഖണ്ഡികകൾ തീർപ്പാകാതെ വർദ്ധിച്ചു വരുന്നത് തടയുന്നതിനും അവ സമയബന്ധിതമായി തീർപ്പാക്കുന്നതിനും. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം, ഇതു സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയും ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. |
| ബി) വിവിധ വകുപ്പുകളിലെ ചെലവുകൾ അതാതു ദിവസം കൺസോളിഡേറ്റ് ചെയ്യുന്നതിനുള്ള സംവിധാനം വകുപ്പുകളിൽ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ; | ചെലവുകൾ അതാതു ദിവസം കൺസോളിഡേറ്റ് ചെയ്യുന്ന സംവിധാനം ഇപ്പോൾ നിലവിലില്ല. നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) വരവു ചെലവുകളുടെ റീകൺസിലിയേഷൻ കൃത്യമായി വകുപ്പുകളിൽ നടക്കുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ഡി) എങ്കിൽ ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | വരവു ചെലവുകളുടെ റീകൺസിലിയേഷൻ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഇതിനകം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് റീകൺസിലിയേഷൻ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് അയച്ചു കൊടുക്കുവാൻ വിവിധ സർക്കുലറുകൾ / അർദ്ധ ഔദ്യോഗിക കത്തുകൾ പ്രകാരം വകുപ്പ് സെക്രട്ടറിമാർക്കും കൺട്രോളിങ് ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 454

20.07.10-ൽ മറുപടിക്ക്

**റേഷൻ ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിന് വിജിലൻസ് കമ്മിറ്റികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ബാബുപോൾ**<br>'' **പി. തിലോത്തമൻ**<br>'' **മാങ്കോട് രാധാകൃഷ്ണൻ**<br>**ശ്രീമതി ഇ.എസ്. ബിജിമോൾ** | **ശ്രീ. സി. ദിവാകരൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി)** |
| (എ) റേഷൻ ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) 30.06.2010ലെ ജി.ഒ (എംഎസ്) 20/10/ ഭസിസവ നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്ത് തലത്തിൽ ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കാൻ അതാത് താലൂക്ക് സപ്ളൈ ഓഫീസർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ഈ കമ്മിറ്റികളിൽ നിക്ഷിപ്തമാകുന്ന ചുമതലകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | (ബി) അതാത് പഞ്ചായത്തുകളിലെ പൊതു വിതരണ സംവിധാനം പരാതികൾക്കിട നൽകാതെ, കാര്യക്ഷമവും സുതാര്യവുമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക, അതു സംബന്ധിച്ച പ്രവർത്തനങ്ങൾ അവലോകനം ചെയ്യുക, ഗുണ നിലവാരമുള്ള റേഷൻ സാധനങ്ങൾ ശരിയായ അളവിലും തൂക്കത്തിലും വിതരണം ചെയ്യുന്നു വെന്ന് ഉറപ്പു വരുത്തുക എന്നിവക്ക് പുറമേ ഗുണഭോക്താക്കളെ കണ്ടെത്തുന്നതു സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുക, ന്യായവില ഡിപ്പോകളുടെ നടത്തിപ്പും മറ്റ് പ്രവർത്തനങ്ങളും തുടർച്ചയായി മോണിറ്റർ ചെയ്യുക എന്നീ ചുമതലകളും പ്രസ്തുത കമ്മിറ്റികളിൽ നിക്ഷിപ്തമാണ്. |

| | | |
|---|---|---|
| (ബി) | ഈ കമ്മിറ്റിയുടെ ഘടന എന്താണ്, ഈ (സി) കമ്മിറ്റി വിളിച്ചു ചേർക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും വ്യവസ്ഥ യുണ്ടോ, വിശദാംശം വെളിപ്പെടു ത്തുമോ? | അതാത് പഞ്ചായത്ത് പ്രസിഡന്റു ചെയർമാനും ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർ കൺവീനറുമായിട്ടുള്ള കമ്മിറ്റിയിൽ താഴെ പറയുന്നവർ അംഗങ്ങളാണ്:<br><br>(1) പഞ്ചായത്ത് പ്രസിഡന്റ്<br>(2) വാർഡ് മെമ്പർമാർ<br>(3) നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ ഓരോ പ്രതിനിധി<br>(4) റേഷനിംഗ് ഇൻസ്പെക്ടർ<br>(5) ലീഗൽ മെട്രോളജി, റവന്യൂ, ആരോഗ്യം, പഞ്ചായത്ത് , പോലീസ് എന്നീ വകുപ്പുകളുടെ ഓരോ പ്രതിനിധി<br><br>കമ്മിറ്റിയിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളുടെ നിർവ്വഹണത്തിനും അതാത് പഞ്ചായത്തിലെ പൊതു വിതരണ സംവിധാനം സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും, രണ്ട് മാസത്തി ലൊരിക്കൽ ഭക്ഷ്യോപദേശക-വിജിലൻസ് കമ്മിറ്റികൾ വിളിച്ച് ചേർക്കണ മെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 455

20/07/2010 - ൽ മറുപടി ക്ക്

## റേഷൻ സാധനങ്ങൾ ഭക്ഷ്യയോഗ്യമാണെന്നുറപ്പുവരുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :<br>ശ്രീ. സി.കെ പി. പത്മനാഭൻ :<br>ശ്രീ. വി. ശിവൻകുട്ടി : | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും, സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| എ) കേരളത്തിലേക്ക് എഫ്.സി.ഐ. അയയ്ക്കുന്ന റേഷൻ ഭക്ഷ്യധാന്യങ്ങൾ ഗുണനിലവാരം കുറഞ്ഞതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) പൊതുവിതരണ ശൃംഖല വഴി വിതരണത്തിനായി എഫ്.സി.ഐ. ലഭ്യമാക്കുന്ന ഭക്ഷ്യധാന്യങ്ങൾ ഗുണനിലവാരം പാലിക്കുന്നില്ല എന്ന അപൂർവ്വം ചില ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഈ ഭക്ഷ്യധാന്യങ്ങളുടെ ഗുണനില വാരം പരിശോധിക്കാൻ സംസ്ഥാന സർക്കാർ എന്തെ ങ്കിലും സംവിധാനം ഏർപ്പെടു ത്തിയിട്ടുണ്ടോ ; | (ബി) ഉണ്ട്. ഗുണമേന്മയുള്ള ഭക്ഷ്യധാന്യങ്ങൾ മാത്രമാണ് പൊതു വിതരണം വഴി വിതരണം ചെയ്യുന്നതിന് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്നും ലഭിക്കുന്നതെന്ന് ഉറപ്പു വരുത്തുന്നതിന് സിവിൽ സപ്ളൈസ് വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടറിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ വിട്ടെടുക്കുന്ന സാമ്പിളുകൾ പരിശോധിക്കാറുണ്ട്. കേടുവന്നതോ ഭക്ഷ്യയോഗ്യമല്ലാത്തതോ ആയ ഭക്ഷ്യധാന്യങ്ങൾ ഒരു കാരണവശാലും വിട്ടെടുക്കരുത് എന്ന് എല്ലാ താലൂക്ക്/ജില്ല സപ്ളൈ ഓഫീസർമാർക്കും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ മാസവും പൊതു വിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യാനുദ്ദേശിക്കുന്ന ധാന്യങ്ങൾ എഫ്.സി.ഐ. മാനേജരുമായി സംയുക്തമായി പരിശോധിച്ച് സ്റ്റോക്ക് അടയാളപ്പെടുത്തി നൽകാൻ നിർദ്ദേശം ഉണ്ട്. |
| സി) റേഷൻ വിതരണത്തിന് അനുവദി ക്കുന്ന ഭക്ഷ്യധാന്യങ്ങൾ ഗുണനില വാരം കുറഞ്ഞതാണെന്നുള്ള എന്തെ ങ്കിലും പരാതി കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ടോ ; | (സി) ഉണ്ട്. മാവേലിക്കര എഫ്.സി.ഐ. ഗോഡൗണിൽ ഭക്ഷ്യയോഗ്യ-മല്ലാത്ത ധാന്യങ്ങൾ വിതരണത്തിനായി കൊണ്ട് വന്നു എന്ന വാർത്തയുടെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം നടത്തി ഇതിന് ഉത്തരവാദികളായവർക്കെതിരെ നടപടി എടുക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന് നിവേദനം നൽകിയിട്ടുണ്ട്. |
| ഡി) റേഷൻ കടകളിലൂടെ ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ഭക്ഷ്യയോഗ്യമാ-ണെന്ന് ഉറപ്പുവരുത്താൻ സർക്കാർ നടപടി സ്വീകരി ക്കുമോ ? | (ഡി) ഭക്ഷ്യയോഗ്യമായ ധാന്യങ്ങൾ മാത്രമേ റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നുള്ളൂ എന്ന് വകുപ്പുദ്യോഗസ്ഥന്മാർ ഉറപ്പു വരുത്തുന്നുണ്ട്. |

സെക്ഷൻ ആഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 456

20-07-2010 -ൽ മറുപടിയ്ക്ക്

## സ്വാശ്രയ സംഘങ്ങളുടെ സഹകരണത്തോടെ മാവേലി ഹോട്ടലുകൾ

ചോദ്യം
ശ്രീ. വി.ഡി. സതീശൻ
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ. അടൂർ പ്രകാശ്
ശ്രീ. എം.എ. വാഹീദ്

ഉത്തരം
ശ്രീ. സി. ദിവാകരൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി)

(എ) ന്യായവിലയ്ക്ക് ഭക്ഷണ സാധനങ്ങൾ നല്കാൻ സംസ്ഥാനത്തുടനീളം മാവേലി ഹോട്ടലുകൾ തുടങ്ങാനുള്ള പദ്ധതിയുടെ ഭാഗമായി ഇതുവരെ കൈക്കൊണ്ട നടപടികൾ എന്തൊക്കെയായിരുന്നു;

(എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ നിന്നും നൽകുന്ന ഭക്ഷണ സാധനങ്ങളുടെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും തുടക്കമെന്ന നിലയിൽ കുറഞ്ഞത് 10 വീതം മാവേലി ഹോട്ടൽ ആരംഭിയ്ക്കുന്നതിന് തീരുമാനിക്കുകയും ആയതനുസരിച്ച് സംസ്ഥാനത്തൊട്ടാകെ 52 മാവേലി ഹോട്ടലുകൾ ഇപ്പോൾ പ്രവർത്തിച്ചു വരികയും ചെയ്യുന്നു.

(ബി) ഈ പദ്ധതി വിജയകരമായി പ്രാവർത്തികമാക്കാൻ എന്തൊക്കെ പ്രായോഗിക ബുദ്ധിമുട്ടുകളാണ് ഉണ്ടായത് എന്ന് വെളിപ്പെടുത്തുമോ;

(ബി) പലരും സന്നദ്ധരായി മുന്നോട്ടു വരുന്നില്ല എന്ന പ്രായോഗിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നു എന്നാലും പദ്ധതി വിജയകരമായി നടപ്പിലാക്കി വരികയാണ്. സപ്ലൈകോയിൽ നിന്നും സബ്സിഡി നിരക്കിൽ അവശ്യ സാധനങ്ങൾ ലഭ്യമാക്കാനുള്ള പ്രയോഗിക ബുദ്ധിമുട്ട് പരിഹരിക്കുകയും ആയതിനായി അധികമായി 5 കോടി രൂപ സപ്ലൈകോയ്ക്ക് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ന്യായവിലയ്ക്ക് ഊണും മറ്റ് ഭക്ഷ്യ വസ്തുക്കളും നല്കുന്നതിന് സ്വാശ്രയ സംഘങ്ങളുടെ സഹകരണത്തോടെ പുതിയ സംരംഭത്തിന് രൂപം നല്കുമോ;

(സി) സ്വാശ്രയ സംഘങ്ങൾ ഒന്നും തന്നെ മാവേലി ഹോട്ടലുകൾ പ്രവർത്തിപ്പിക്കുന്നില്ല.

| | |
|---|---|
| (ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതൊക്കെ സ്വാശ്രയ സംഘങ്ങളാണ് ഇത്തരത്തിൽ സർക്കാർ സബ്സിഡിയോടെ ജനകീയ ഭക്ഷണ കേന്ദ്രങ്ങൾ തുടങ്ങാൻ സന്നദ്ധമായിട്ടുള്ളത്; | (ഡി)ഇത്തരം സ്വാശ്രയ സംഘങ്ങൾ മാവേലി ഹോട്ടലുകൾ തുടങ്ങാൻ സന്നദ്ധമായി മുന്നോട്ടുവന്നാൽ ആയതിനുള്ള എല്ലാ പ്രോൽസാഹന ങ്ങളും നൽകുന്നതാണ്. |
| (ഇ) ഇത്തരം സംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതിന് സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ? | (ഇ) സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 457 — 20.07.2010-ൽ മറുപടിക്ക്

**തടിലേലം സുതാര്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. പി. കൃഷ്ണപ്രസാദ് | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ. | വനങ്ങളിലെ മരങ്ങൾ മുറിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കുമോ; | എ. | കേന്ദ്ര സർക്കാർ അംഗീകരിച്ച വർക്കിംഗ് പ്ലാനിലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ വനങ്ങളിലെ മരങ്ങൾ മുറിയ്ക്കുവാൻ പാടുള്ളൂ. മുറിക്കുന്നതിനുള്ള മരങ്ങൾ മാർക്ക് ചെയ്ത് നെഞ്ച് ഉയരത്തിലുള്ള ചുറ്റുവണ്ണവും, ശേഖരിക്കാവുന്ന തടിയുടെ ഉദ്ദേശ നീളവും മാർക്കിംഗ് നമ്പരും ബന്ധപ്പെട്ട രജിസ്റ്ററിൽ ചേർത്ത ശേഷം മാത്രമേ മരങ്ങൾ മുറിക്കാൻ പാടുള്ളൂ. മാർക്ക് ചെയ്ത മരങ്ങൾ മുറിക്കുന്നതിന് മുമ്പായി 25% മരങ്ങൾ റെയ്ഞ്ച് ഓഫീസറും, 10% മരങ്ങൾ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറും പരിശോധിക്കേണ്ടതുണ്ട്. |
| ബി. | തടിലേല നടപടികൾ സുതാര്യമാക്കുന്നതിനും അഴിമതി ഇല്ലാതാക്കുന്നതിനുമായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | ബി. | തടിലേല നടപടികൾ സുതാര്യമാക്കുന്നതിന്റെ ഭാഗമായി ലേല വ്യവസ്ഥകൾ 24.06.2008-ൽ പുതുക്കി നിശ്ചയിച്ച് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പുതുക്കിയ ലേല വ്യവസ്ഥകളും ഓരോ വർഷത്തെ ലേല തീയതികളും സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ച് വരുന്നു. വനം വകുപ്പിന്റെ വെബ്സൈറ്റിലും വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഇത് കൂടാതെ ഓരോ ഡിപ്പോയിലും ഓരോ ലേലത്തിന് വയ്ക്കുന്ന തടിയുടെ അളവ് പത്രദ്വാരാ പരസ്യപ്പെടുത്തുന്നുണ്ട്. ലേലം ചെയ്യുന്ന ലോട്ടുകളുടെ ലിസ്റ്റ് ലേലത്തിന് മുൻപ് തന്നെ ലഭ്യമാക്കുന്നുണ്ട്. ടെണ്ടർ-കം-ഓക്ഷൻ സമ്പ്രദായത്തിലാണ് വില്പന നടത്തുന്നത്. |
| സി. | ലേല തുക അടയ്ക്കുന്നതിനുള്ള സമയപരിധി. ലേലം ചെയ്യുന്ന തടിയെ | സി. | കേരള സർക്കാർ ഗസറ്റ് മുഖേനയും, വെബ്സൈറ്റ് മുഖേനയും, പത്രമാധ്യമങ്ങൾ മുഖേനയും മുൻകൂട്ടി |

| | | | |
|---|---|---|---|
| | സംബന്ധിച്ച വിവരങ്ങൾ എന്നിവ മുൻകൂട്ടി പ്രസിദ്ധം ചെയ്യുമോ; | | പ്രസിദ്ധീകരിച്ച് വരുന്നുണ്ട്. |
| ഡി. | തടി വില്പനയിലൂടെ കഴിഞ്ഞ വർഷം എത്ര കോടി രൂപ ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ; | ഡി. | 2009-2010 സാമ്പത്തിക വർഷത്തിൽ തടി വില്പനയിലൂടെ 236.24 കോടി രൂപ സർക്കാരിലേയ്ക്ക് ലഭിച്ചിട്ടുണ്ട്. |
| ഇ. | സർക്കാരിന്റെ തടി ഡിപ്പോകളിൽ നിന്നും ഭവന നിർമ്മാണത്തിനായി സാധാരണ ക്കാർക്ക് തടി ചില്ലറ വിൽപ്പന നടത്തു ന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയി ട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | ഇ. | ഉണ്ട്.<br>ഭവന നിർമ്മാണത്തിന് തേക്കിന്റെII, III, IV എന്നീ വിഭാഗത്തിൽപ്പെട്ട 5 ക്യൂബിക് മീറ്റർ വരെ തടികളാണ് ചില്ലറ വില്പനയിൽ ഒരാൾക്ക് ലഭിക്കുക. ചില്ലറ വില്പനയ്ക്കുള്ള ഓരോ തടിക്കും നിലവിലുള്ള ഷെഡ്യൂൾഡ് നിരക്കിന്റെയും മാർക്കറ്റ് നിരക്കിന്റെയും അടിസ്ഥാനത്തിൽ കൺസർവേറ്റർ ചെയർമാനും, സെയിൽസ് ഡി.എഫ്.ഒ., ടെറിറ്റോറിയൽ ഡി.എഫ്.ഒ. എന്നിവർ അംഗങ്ങളായുള്ള കമ്മിറ്റിയാണ് വില നിശ്ചയിക്കുന്നത്. തടി വാങ്ങാനുള്ള അപേക്ഷകർ മേൽവിലാസം തെളിയിക്കുന്ന രേഖ, റേഷൻ കാർഡ്, ബിൽഡിംഗ് പെർമിറ്റ്, അംഗീകരിച്ച പ്ലാൻ തുടങ്ങിയവ സർക്കാർ ഡിപ്പോയിൽ ഹാജരാക്കണം. രേഖകൾ പരിശോധിച്ചതിനുശേഷം ഡിപ്പോ ഓഫീസർ മുൻഗണനാക്രമത്തിൽ ഒരു ടോക്കൺ നൽകും. ടോക്കൺ ലഭിച്ച അപേക്ഷകന് തടി തെരഞ്ഞെടുക്കാം. തെരഞ്ഞെടുത്ത തടിയുടെ പത്തിലൊന്ന് വില, പരമാവധി 20,000/- രൂപ പണമായോ അല്ലെങ്കിൽ ആ സ്ഥലത്ത് മാറ്റാൻ കഴിയുന്ന ഡിമാന്റ് ഡ്രാഫ്റ്റായോ അടയ്ക്കണം. ബാക്കി പണം നികുതികൾ ഉൾപ്പെടെ മൂന്ന് ദിവസത്തിനകം അടച്ച്, ഏഴ് ദിവസത്തിനുള്ളിൽ തടികൾ നീക്കം ചെയ്യണം. |

സെക്ഷൻ ഓഫീസർ

- —

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.458 20.07.2010-ൽ മറുപടിക്ക്

ധന-റവന്യൂ കമ്മി കുറയ്ക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ<br>ശ്രീ. എ. എം. ആരിഫ്<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീമതി. കെ.കെ.ലതിക | ഡോ.റ്റി.എം.തോമസ് ഐസക്<br>ധനകാര്യ വകുപ്പുമന്ത്രി |

| | |
|---|---|
| (എ) സർക്കാരിന്റെ കടബാധ്യത വർദ്ധിക്കുന്നത് സാമ്പത്തിക വളർച്ചയെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | ദോഷകരമായി ബാധിച്ചിട്ടില്ല. |
| (ബി) ധനകമ്മി കുറച്ചുകൊണ്ടുവരുന്നതിന് സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | സാധിച്ചിട്ടുണ്ട്. 2005-06 ൽ സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോല്പാദനത്തിന്റെ 3.33 ശതമാനം ആയിരുന്നു ധനകമ്മി. 2009-10-ലെ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കനുസരിച്ച് ഇത് 3.16 ശതമാനമായി കുറഞ്ഞു. |
| (സി) സർക്കാരിന്റെ തനതു വരുമാനത്തിൽ കഴിഞ്ഞ 5 വർഷക്കാലത്തെ വളർച്ച വ്യക്തമാക്കുമോ; മൂലധന ചെലവിൽ എന്തുമാത്രം വർദ്ധനവ് ഉണ്ടായിട്ടുണ്ട്; | സംസ്ഥാനത്തിന്റെ കഴിഞ്ഞ 5 വർഷക്കാലത്തെ തനതു വരുമാനത്തിന്റെ വളർച്ച ചുവടെ ചേർക്കുന്നു.<br>(തുക കോടിയിൽ)<br>2005-06 - 10715.4<br>2006-07 - 12879.39<br>2007-08 - 14878.50<br>2008-09 - 17549.47<br>2009-10 - 19294.54 (പ്രാഥമിക കണക്ക്)<br><br>2005-06ൽ 1104.06 കോടി രൂപയായിരുന്ന മൂലധനചെലവ് അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2009-10ൽ 2751.05 കോടി രൂപയായി ഉയർന്നിട്ടുണ്ട്. |
| (ഡി) റവന്യൂ കമ്മി കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | • വാണിജ്യ നികുതി വകുപ്പിൽ നികുതി പിരിവ് കാര്യക്ഷമമാക്കാൻ ഇ-ഫയലിംഗ്, ഇ-പേമെന്റ് സംവിധാനങ്ങൾ നടപ്പിലാക്കി.<br>• ചെക്ക് പോസ്റ്റുകളിലെ നികുതി വെട്ടിപ്പ് തടയാനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചു<br>• ഭൂമിയുടെ ഫെയർ വാല്യൂ നിശ്ചയിച്ച് അതനുസരിച്ചുള്ള സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ ഈടാക്കി വരുന്നു. |

| | |
|---|---|
| | • പുതിയ നികുതിയേതര വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>• അനാവശ്യ ചെലവുകൾ ഒഴിവാക്കി റവന്യൂചെലവ് നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതെല്ലാമാണ് റവന്യൂ കമ്മി നിയന്ത്രിക്കുന്നതിന് സർക്കാർ സ്വീകരിച്ച പ്രധാന നടപടികൾ. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 459 20.07.2010 - ൽ മറുപടിക്ക്

'കലവറയിലൂടെ' ഭവനനിർമ്മാണ സാമഗ്രികൾ എല്ലാവർക്കും നൽകാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി.ജോർജ്<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി<br>ശ്രീ. തോമസ് ചാഴികാടൻ | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് 'കലവറ' എന്ന പേരിൽ ന്യായവില കേന്ദ്രം എന്നാണ് നിലവിൽ വന്നത്; | (എ) 2008 മേയ് 20ന് എറണാകുളം ജില്ലയിലെ കളമശ്ശേരിയിൽ ആദ്യത്തെ കലവറയുടെ പ്രവർത്തനം ആരംഭിച്ചു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; | (ബി) കെട്ടിടനിർമ്മാണരംഗത്ത് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന സാധന സാമഗ്രികളുടെ ദൗർലഭ്യത്തിന് പരിഹാരം കാണുകയും, ഗുണനിലവാരമുള്ള നിർമ്മാണസാമഗ്രികൾ ന്യായമായ വിലയ്ക്ക് സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുകയും അതുവഴി പൊതു വിപണിയിലെ നിർമ്മാണ സാമഗ്രികളുടെ കുതിച്ചുയരുന്ന വില ഒരു പരിധി വരെ നിയന്ത്രിക്കുകയും ചെയ്യുക എന്നതാണ് കലവറ എന്ന പദ്ധതിയുടെ ഉദ്ദേശം. |
| (സി) പ്രഖ്യാപിത ലക്ഷ്യമനുസരിച്ചുള്ള പ്രവർത്തന വിജയം കൈവരിക്കുവാൻ ഈ സ്ഥാപനത്തിനു കഴിഞ്ഞുവോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (സി) ഉണ്ട്.<br>കലവറ എന്ന ആശയത്തിന് ജനങ്ങളിൽ നിന്ന് പ്രോത്സാഹനപരമായ പ്രതികരണമാണ് ലഭിച്ചു വരുന്നത്. സംസ്ഥാനത്തെ കലവറകൾ ആരംഭിക്കാത്ത ജില്ലകളിലും പ്രധാനപ്പെട്ട താലൂക്ക് ആസ്ഥാനങ്ങളിലും കലവറകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ പത്ത് ജില്ലകളിൽ കലവറയുടെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. |

9.3.2010-ൽ ബഹു. വനം-ഭവനനിർമ്മാണ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ അവലോകനയോഗം നടത്തുകയും കലവറയുടെ പ്രവർത്തനങ്ങൾക്കായി നിലവിലുള്ള മാർഗ്ഗരേഖകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തി കൂടുതൽ ആളുകൾക്ക് പ്രത്യേകിച്ചും BPL വിഭാഗങ്ങൾക്ക് പരമാവധി പ്രയോജനം ലഭിക്കത്തക്ക വിധം കലവറകളെ മാറ്റി എടുക്കണമെന്ന് നിർദ്ദേശിക്കുകയും, അതിപ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്.

(ഡി) ന്യായവിലയ്ക്കു സാധന സാമഗ്രികൾ ലഭിക്കുമെന്ന പ്രതീക്ഷയിൽ പ്രസ്തുത കേന്ദ്രത്തെ സമീപിക്കുന്ന സാധാരണക്കാർക്ക് അത്യാവശ്യ സാധനങ്ങൾ പോലും യഥാസമയം ലഭിക്കുന്നില്ലായെന്ന സംഗതി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കെട്ടിട നിർമ്മാണത്തിനാവശ്യമായ പ്രധാന സാമഗ്രികളായ കമ്പി, സിമന്റ്, എന്നിവയും നിർമ്മിതി കേന്ദ്രങ്ങളുടെ ഉൽപ്പാദന കേന്ദ്രങ്ങളിൽ നിന്നുള്ള ഹോളോ ബ്ളോക്ക്, കോൺക്രീറ്റ് കട്ടിളകൾ എന്നീ സാമഗ്രികൾക്കും പുറമെ ഡാമുകളിൽ നിന്നും ഖനനം ചെയ്തു ലഭിക്കുന്ന മണൽ, അനധികൃതമായി കടത്തി കൊണ്ടു വരുമ്പോൾ പിടിച്ചെടുക്കുന്ന മണൽ, വനം വകുപ്പുമായി സഹകരിച്ച് വനം വകുപ്പിന്റെ കീഴിലുള്ള കടവുകളിൽ നിന്നും ശേഖരിക്കുന്ന മണൽ എന്നിവയും ന്യായ വിലയ്ക്ക് 'കലവറകൾ' വഴി സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി ഉപഭോക്താക്കൾക്ക് വിതരണം ചെയ്തുവരുന്നു.

മണലിനുള്ള അപേക്ഷകരുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇങ്ങനെ ലഭിക്കുന്ന മണൽ തികച്ചും അപര്യാപ്തമായി വരുന്നു. ആയതിനാൽ ആവശ്യപ്പെടുന്ന മണൽ കലവറയിൽ നിന്നും നൽകുവാൻ സാധിക്കുന്നില്ല. ഇതിന് പരിഹാരം എന്ന നിലയിൽ പരിസ്ഥിതിക്ക് കോട്ടം വരുത്താത്ത രീതിയിൽ വിവിധ വകുപ്പുകളുടെ അംഗീകാരത്തോടെ കൂടുതൽ മണൽ സംഭരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിശോധിച്ചു വരുന്നു

| | | |
|---|---|---|
| (ഇ) കലവറയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിന് ഇതിന്റെ പ്രവർത്തനം ഊർജ്ജിതമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (ഇ) | സംസ്ഥാനത്ത് കലവറകൾ ആരംഭിക്കാത്ത ജില്ലകളിലും പ്രധാനപ്പെട്ട താലൂക്ക് ആസ്ഥാനങ്ങളിലും കലവറകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കലവറകൾക്ക് പൊതുജനങ്ങൾക്കിടയിൽ നിന്നും ലഭിച്ച സ്വീകാര്യതയുടെ വെളിച്ചത്തിൽ കെട്ടിട നിർമ്മാണത്തിനാവശ്യമായ എല്ലാ സാധന സാമഗ്രികളും ലഭ്യമാക്കുന്ന കലവറകൾ സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. |

Sreedevi Kunj

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 460* — 20.7.2010 ൽ മറുപടിക്ക്

# പൊതുമരാമത്ത് ജോലികൾ നിർവ്വഹിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങൾ വിലയിരുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ :<br>ശ്രീ. സാജു പോൾ :<br>ശ്രീ. എ. സി. മൊയ്തീൻ :<br>ശ്രീ. മഞ്ഞളാംകുഴി അലി : | ഡോ. റ്റി.എം. തോമസ് ഐസക്<br>(ധന വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതുമരാമത്ത് ജോലികൾ നിർവ്വഹിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;<br><br>(ബി) റോഡ്, പാലം, കെട്ടിടം മുതലായവ നിർമ്മിക്കുന്ന കേന്ദ്ര-സംസ്ഥാന ഏജൻസികളുടെ വിശദവിവരം അറിയിക്കുമോ ; | (എ) & (ബി)<br>ഉണ്ട്. ദേശീയപാതാ വികസന പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്നത് കേന്ദ്ര റോഡ് ഗതാഗത ഹൈവേ വകുപ്പും നാഷണൽ ഹൈവേ അതോറിറ്റിയുമാണ്. കെ.എസ്.റ്റി.പി. കേരള റോഡ് ഫണ്ട് ബോർഡ്, കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, റോഡ്സ് & ബ്രിഡ്ജസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ എന്നിവ മുഖാന്തിരവും പ്രവർത്തികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇവയുടെ പ്രവർത്തനം കാലാകാലങ്ങളിൽ വിലയിരുത്തുന്നുണ്ട്. |
| (സി) പ്രസ്തുത ഏജൻസികൾ പ്രതിവർഷം ഭരണ നടപടികൾക്ക് ചെലവഴിക്കുന്ന തുക എത്രയാണ് ; | (സി)<br>**2009-10 വർഷത്തിൽ വകയിരുത്തിയ തുക**<br>ഏജൻസി — തുക<br>കേരള റോഡ് ഫണ്ട് ബോർഡ് - 47,73,810 രൂപ<br>ആർ.ബി.ഡി.സി.കെ - 127 ലക്ഷം ..<br>കെ.എസ്.റ്റി.പി - 5 കോടി ..<br>കെ.എസ്.സി.സി. - 253.71 ലക്ഷം ..<br><br>കേന്ദ്ര സർക്കാർ മന്ത്രാലയവും നാഷണൽ ഹൈവേ അതോറിറ്റിയും ഭരണ നടപടികൾക്ക് ചിലവഴിക്കുന്ന തുക ലഭ്യമല്ല. |
| (ഡി) നിർമ്മാണ പ്രവർത്തനങ്ങൾ ഫലപ്രദമാക്കാൻ ഇവർക്കുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ് ; ജീവനക്കാർ എത്രയാണ് എന്ന് അറിയിക്കുമോ ; | (ഡി) കേരള റോഡ് ഫണ്ട് ബോർഡിൽ<br>14 ജീവനക്കാരും ആർ.ബി.ഡി.സി.കെ.യിൽ<br>33 ജീവനക്കാരും കെ.എസ്.റ്റി.പി.യിൽ<br>122 ജീവനക്കാരും കെ.എസ്.സി.സി യിൽ<br>152 ജീവനക്കാരും നിലവിലുണ്ട്. |

(ഇ) വിവിധ സ്ഥാപനങ്ങൾ ഈ വർഷം പൂർത്തിയാക്കിയതും നിർമ്മാണം നടത്തിവരുന്നതുമായ പ്രധാന പദ്ധതികൾ എന്തൊക്കെയാണ് ; വിശദവിവരം അറിയിക്കുമോ ?

(ഇ) തിരുവനന്തപുരം നഗര വികസന പദ്ധതി കേരള റോഡ് ഫണ്ട് ബോർഡാണ് ഏറ്റെടുത്തു നടത്തുന്നത്. റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം റോഡ്സ് & ബ്രിഡ്ജസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ മുഖാന്തിരം നടന്നുവരുന്നു .വിശദവിവരം അനുബന്ധം -എ ആയി ചേർത്തിരിക്കുന്നു. കെ.എസ്.റ്റി.പി. മുഖാന്തിരം നടപ്പിലാക്കി വരുന്നപ്രവർത്തികളുടെ വിശദവിവരം അനുബന്ധം-ബി ആയും കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പ്രവൃത്തികളുടെ വിശദവിരം അനുബന്ധം-സി ആയും ചേർത്തിരിക്കുന്നു.

**സെക്ഷൻ ആഫീസർ**

അനുബന്ധം - എ

റോഡ്സ് & ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷൻ ഈ വർഷം പണിപൂർത്തിയാക്കിയ

**മേൽപ്പാലങ്ങൾ**

.1 നന്ദി (കോഴിക്കോട്),

2. കടുക്കാംകുന്ന് (പാലക്കാട്),

**പണി പുരോഗമിക്കുന്ന. മേൽപ്പാലങ്ങൾ**

1. പുല്ലേപ്പടി (എറണാകുളം)
2. അത്താണി (തൃശ്ശൂർ),
3. കൊരട്ടി (തൃശ്ശൂർ),

4.ബേക്കൽ (കാസർകോട്)

പണി തുടങ്ങിയിട്ടുള്ള റെയിൽവേ മേൽപ്പാലങ്ങൾ

1. പയ്യന്നൂർ (കണ്ണൂർ),
2. 2.പരപ്പനങ്ങാടി (മലപ്പുറം),
3. കൈനാട്ടി (കോഴിക്കോട്),
4. സുൽത്താൻപെട്ട് (പാലക്കാട്)
5. മുളംകുന്നത്ത് കാവ് (തൃശൂർ) [redacted]

അനുബന്ധം - ബി.

കെ.എസ്.ടി.പി. പദ്ധതിയിൽ ഇതുവരെ പൂർത്തീകരിച്ച പദ്ധതികൾ.

1) RMC-27- തിരുവനന്തപുരം-പൊൻമുടി റോഡ്

2) RMC-44 - ആയൂർ - അഞ്ചൽ റോഡ്

3) RMC-50 -അഡീഷണൽ ഹെവിമെയിന്റനൻസ് ഓഫ് തൊടുപുഴ- ഉടുമ്പന്നൂർ റോഡ്.

4) കണ്ണൂർ - മട്ടന്നൂർ റോഡ്

താഴെ വിവരിയ്ക്കുന്ന RMC കളുടെ പണികൾ നടന്നുവരുന്നു.

1) RMC-51 -അഡീഷണൽ ഹെവിമെയിന്റനൻസ് ഓഫ് പാല- കടുത്തുരുത്തി റോഡ്.

2) RS PACK- 36- റോഡ് സേഫ്റ്റി ഡെമോൺസ്ട്രേഷൻ പ്രോജക്ട് ഫോർ അങ്കമാലി - മൂവാറ്റുപുഴ- തൊടുപുഴ (എസ്.എച്ച്-8) ആന്റ് ഇംപ്രൂവ്മെന്റ്സ് ഓഫ് ബ്ളാക്ക് സ്പോട്ട്സ് ആന്റ് ഹസാർഡിയൊസ് ലൊക്കേഷൻസ് ഓഫ് മുട്ടം - തൊടുപുഴ (എസ്.എച്ച്-33).

3) RMC-55 - പ്രൊവൈയിഡിംഗ് വെയറിങ്ങ് കോഴ്സ് ടു ചേർപ്പ്- തൃപ്രയാർ റോഡ്.

4) RMC-56 – പ്രൊവൈയിഡിംഗ് വെയറിങ്ങ് കോഴ്സ് ടു തൃശ്ശൂർ - കൊടുങ്ങല്ലൂർ റോഡ്.

5) RMC-49- മണർകാട്- കിടങ്ങൂർ റോഡ്.

6) അഡീഷണൽ ഹെവിമെയിന്റനസ്സ് വർക്ക് - ഏറ്റുമാനൂർ -എറണാകുളം റോഡ്.

7) ബാലൻസ് - മെയിന്റനൻസ് വർക്ക് - കുമളി- പൂപ്പാറ റോഡ്.

8) ചുള്ളിമാനൂർ – ഇലവുപാലം റോഡ്

9) പാലക്കാട് - മീനാക്ഷി പുരം റോഡ്.

10) റീസർഫസ്സിംഗ് ഓഫ് ചേർക്കല - ജൽസൂർ റോഡ്

11) റീസർഫസ്സിംഗ് ഓഫ് തളിപ്പറമ്പ്- ഇരിട്ടിറോഡ്

12) റീസർഫസ്സിംഗ് ഓഫ് ആലുവ- കോതമംഗലം റോഡ്

13) റീസർഫസ്സിംഗ് ഓഫ് കായംകുളം - അടൂർ റോഡ്

14) റീസർഫസ്സിംഗ് ഓഫ് പുനലൂർ - അഞ്ചൽ - കുളത്തൂപ്പുഴ റോഡ്

15) റീസർഫസ്സിംഗ് ഓഫ് സുൽത്താൻബത്തേരി -പുൽപ്പള്ളി റോഡ്

16) റീസർഫസ്സിംഗ് ഓഫ് കൊയ്‌ലാണ്ടി താമരശ്ശേരി റോഡ്

17) റീസർഫസ്സിംഗ് ഓഫ് ഏറ്റുമാനൂർ - പാലാ റോഡ്

18) റീസർഫസ്സിംഗ് ഓഫ് ചങ്ങനാശ്ശേരി - വാഴൂർ റോഡ്.

ഇവ കൂടാതെ കെ.എസ്.ടി.പി ഫേയ്സ്-1 പ്രകാരം ഉള്ള കെ.എസ്.ടി.പി-1 തൈയ്ക്കാട് - കൊട്ടാരക്കര, കൊട്ടാരക്കര-ചെങ്ങന്നൂർ, തൈയ്ക്കാട് - എൻ.എച്ച്-47, ആലപ്പുഴ-ചങ്ങനാശ്ശേരി പാക്കേജ് 4 പ്രകാരം ഉള്ള പാലക്കാട് [illegible] പണികളും നടന്നുവരുന്നു.

[signature]

**Annexure- C**

## KERALA STATE CONSTRUCTION CORPORATION LIMITED

### LIST OF ONGOING MAJOR WORKS AS ON 15.07.2010
### (ABOVE 500 LAKHS)

| Sl.No. | Name of work |
|---|---|
| 1 | Mattool-Madakkara Bridge |
| 2 | Kottappuram Bridge across Thejaswini River, Neeleswaram |
| 3 | Stimulus Package-Development of Tourism in Malabar Region-Improvements to the road leading to Edakkal Caves from NH212 at Kolangapara, Wayanad |
| 4 | Chekkadi Bridge |
| 5 | Bharathapuzha Bridge connecting Ottapalam and Mayannur - Balance work |
| 6 | Athirappally - Malakkapara Road |
| 7 | Pattikkad - Peechi Road |
| 8 | Vettukadavu Bridge, Chalakkudy |
| 9 | Sreemoolanagaram Bridge across Periyar river |
| 10 | Court Complex, Ernakulam |
| 11 | Periyar Bridge Chelachuvedu - Periar Road - Alappuzha-Madhura S.H. |
| 12 | Construction of Govt. Model Residential School (Thamil Medium) at Kuttikkanam, Peerumedu |
| 13 | TDMC Alappuzha Hospital Complex Vandanam - Construction of 400 bedded ward H1 & H2 |
| 14 | TDMC Alappuzha Hospital Complex Vandanam - Construction of400 bedded ward G1 & G2 |
| 15 | Construction of improvement to Elamkadu Valiyantha Kolahalamedu - Vagamon road |
| 16 | Para Medical Institute of Medical College, Alappuzha |
| 17 | Construction of MBA Block - Technical College of Engg. Thiruvananthapuram. |
| 18 | NORKA Building |

### LIST OF COMPLETED WORKS DURING THIS YEAR

| No | Name of work |
|---|---|
| 1 | Construction of Government Model Residential School (Thamil Medium) at Kuttikkanam, Peerumedu |
| 2 | Construction of New Court Complex/Vanchiyoor, Thiruvananthapuram |

പന്ത്രണ്ടാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 461 — 20.07.2010 ന് മറുപടിക്ക്

## ഡിജിറ്റൽ ഇമേജ് പ്രിന്റിംഗ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. എ.പി. അനിൽകുമാർ<br>ശ്രീ. എ.എ. ഷുക്കൂർ<br>ശ്രീ. എൻ. ശക്തൻ | ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>(ബഹു.മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്ത് ഇതുവരെ ഏതെല്ലാം വകുപ്പുകളിൽ ആധുനികവത്ക്കരണത്തിന്റെ ഭാഗമായി സിഡിറ്റിന്റെ സഹകരണത്തോടെ ഡിജിറ്റൽ ഇമേജ് പ്രിന്റിംഗ്സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്; | എ) സിഡിറ്റിന്റെ സഹകരണത്തോടെ രജിസ്ട്രേഷൻ വകുപ്പിൽ മാത്രമാണ് ഡിജിറ്റൽ ഇമേജ് പ്രിന്റിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. |
| ബി) സംസ്ഥാനത്തെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും ഈ സംവിധാനം ലഭ്യമാക്കിയിട്ടുണ്ടോ; | ബി) ഈ സംവിധാനം സംസ്ഥാനത്തെ 309 സബ് രജിസ്ട്രാർ ആഫീസുകളിലും നടപ്പിലാക്കിയിട്ടുണ്ട്. 2009 ൽ ആരംഭിച്ച പാലക്കാട് ജില്ലയിലെ കോട്ടായി സബ് രജിസ്ട്രാർ ഓഫീസിൽ ഈ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| സി) ഈ സംവിധാനം പൂർണ്ണമായി നിലവിൽ വന്നാൽ പൊതുജനത്തിന് എന്തൊക്കെ സേവനങ്ങൾ നൽകാൻ കഴിയുമെന്ന് വിശദമാക്കുമോ? | സി) മുൻകാലങ്ങളിൽ പ്രമാണത്തിന്റെ പകർപ്പ് ലഭിക്കുമ്പോൾ 6 മാസം മുതൽ 1 വർഷം വരെ കാലതാമസം നേരിട്ടിരുന്നു. എന്നാൽ ഈ സംവിധാനം നടപ്പിലാക്കിയശേഷം പ്രമാണങ്ങളുടെ പകർപ്പുകൾ ലഭിക്കാൻ ഒരു ദിവസത്തെ താമസം മാത്രമേ നേരിടുന്നുള്ളു. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരളനിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പര്‍ 462

20.07.2010 ല്‍ മറുപടിയ്ക്ക്

## സുരക്ഷാ ഭവന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. രാജു എബ്രഹാം:<br>ശ്രീ. ബി.രാഘവന്‍:<br>ശ്രീ.എം.കെ.പുരുഷോത്തമന്‍:<br>ശ്രീ.വി.എന്‍.വാസവന്‍: | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിര്‍മ്മാണവും വകുപ്പു മന്ത്രി) |
| (എ) സന്നദ്ധ സംഘടനകളുടെ സഹായത്തോടെ നടപ്പാക്കുന്ന സുരക്ഷാ ഭവന പദ്ധതിയുടെ വിശദാംശം നല്കുമോ; | (എ) ദുര്‍ബ്ബല വിഭാഗത്തില്‍പ്പെട്ട, കുറഞ്ഞത് 2 സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള, വീടില്ലാത്ത പാവപ്പെട്ടവര്‍ക്ക് സന്നദ്ധ സംഘടനകള്‍/കാരുണ്യവാന്മാരും ദാനശീലരുമായ വ്യക്തികള്‍/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങള്‍ എന്നിവരുടെ സഹായത്തോടെ വീടു നിര്‍മ്മിച്ചു നല്കുന്ന പദ്ധതിയാണ് സുരക്ഷാ ഭവന പദ്ധതി. 30 മുതല്‍ 50 വരെ ച.മീറ്റര്‍ തറ വിസ്തീര്‍ണ്ണമുള്ള വീടിന്റെ നിര്‍മ്മാണ ചെലവ് 1,00,000/- രൂപയായാണ് കണക്കാക്കിയിരിക്കുന്നത്. ഈ പദ്ധതി പ്രകാരം വീടിന്റെ നിര്‍മ്മാണം സ്പോണ്‍സറുടെ സഹായത്തോടെ പൂര്‍ത്തിയാകുമ്പോള്‍ ഗുണഭോക്താവിന് 25,000/- രൂപ സര്‍ക്കാര്‍ സബ്സിഡിയായി ഭവന നിര്‍മ്മാണ ബോര്‍ഡ് മുഖേന നല്കുന്നു. |
| (ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള സാമ്പത്തിക ആനുകൂല്യം എത്രയാണ്; ഈ തുക സര്‍ക്കാര്‍ വര്‍ദ്ധിപ്പിച്ചു നല്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ബി) സുരക്ഷാ ഭവന പദ്ധതിക്ക് 9,000/- രൂപയായിരുന്നു സര്‍ക്കാര്‍ സബ്സിഡി. ഈ നിരക്ക് കുറവായതിനാല്‍ വേണ്ടത്ര അപേക്ഷകര്‍ ഉണ്ടായിരുന്നില്ല. അതിനാല്‍ 6.11.07 ലെ ഉത്തരവു പ്രകാരം സര്‍ക്കാര്‍ സബ്സിഡി 25,000/- രൂപയാക്കി വര്‍ദ്ധിപ്പിച്ചു നല്കിയിട്ടുണ്ട്. |
| (സി) ഈ പദ്ധതി പ്രകാരം ഇതിനകം എത്ര വീടുകള്‍ നിര്‍മ്മിച്ചിട്ടുണ്ട്; | (സി) ഈ പദ്ധതി പ്രകാരം 28.02.10 വരെ 2636 വീടുകള്‍ നിര്‍മ്മിച്ചു നല്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | സുരക്ഷാ ഭവന പദ്ധതി പ്രകാരം വീട് വയ്ക്കുന്നതിനുള്ള സഹായത്തിന് എത്ര അപേക്ഷകൾ ഇപ്പോൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ഡി) | സുരക്ഷാ ഭവന പദ്ധതി പ്രകാരം വീടു നിർമ്മിക്കുന്നതിന് സന്നദ്ധ സംഘടനകൾക്ക് ബോർഡ് അനുമതി നല്കിയതിൽ ഇനി 793 വീടുകൾക്ക് സബ്സിഡി അനുവദിക്കാനുണ്ട്. |
| (ഇ) | സാമൂഹ്യക്ഷേമ പ്രവർത്തനത്തിന്റെ ഭാഗമായി അശരണരും ദരിദ്രരുമായവർക്കുവേണ്ടി ബോർഡ് സൗജന്യമായി വീട് വച്ചു നല്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കുമോ? | (ഇ) | ഇല്ല. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 463*</u> <u>20.7.2010 ൽ മറുപടിക്ക്</u>

## <u>ഡിസൈൻ വിഭാഗത്തിന്റെ പ്രവർത്തനം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീമതി ജെ. അരുന്ധതി :<br>ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. എം. ജെ. ജേക്കബ് :<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : | ഡോ. റ്റി.എം. തോമസ് ഐസക്<br>(ധന വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിലെ ഡിസൈൻ വിഭാഗത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | (എ) ഉണ്ട്. കെട്ടിടങ്ങളുടെയും പാലങ്ങളുടെയും ഘടനാപരമായ രൂപകല്പന, അതത് വിഭാഗങ്ങളുടെ നിർദ്ദേശാനുസരണവും ലഭ്യമാക്കുന്ന വിശദാംശങ്ങളുടെ അടിസ്ഥാനത്തിലും വകുപ്പിന്റെ ഭാഗമായ ഡ്രിക്ക് ബോർഡ് മുൻഗണനാക്രമത്തിൽ സമയബന്ധിതമായി ചെയ്തു വരുന്നു. ആർക്കിടെക്ച്ചറൽ ഡിസൈൻ പൊതുമരാമത്ത് വകുപ്പിന്റെ ആർക്കിടെക്ചറൽ വിംഗും തയ്യാറാക്കുന്നുണ്ട്. രണ്ടിടങ്ങളിലും അവലോകന യോഗങ്ങൾ നടത്തി ഇതിന്റെ പ്രവർത്തനം വിലയിരുത്താറുണ്ട്. |
| (ബി) പൊതുമരാമത്ത് വകുപ്പിന്റെ ഡിസൈൻ ജോലികൾ മറ്റ് ഏജൻസികളെ ഏല്പിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (ബി) ഉണ്ട്. സർക്കാർ അംഗീകരിച്ച നിരക്കുകൾ പ്രകാരം അംഗീകൃത ഏജൻസികളെ ഡിസൈൻ ജോലികൾ ഏൽപിക്കാറുണ്ട്. |
| (സി) വർദ്ധിച്ചുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഡിസൈൻ ജോലികളും കെട്ടിടങ്ങളുടെ രൂപകൽപ്പനയും തയ്യാറാക്കുന്നതിന് ഡിസൈൻ വിഭാഗം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | (സി) ഡിസൈൻ വിഭാഗം ശക്തിപ്പെടുത്താനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 464 20 - 07 - 2010 ൽ മറുപടിക്ക്

## പ്രവാസി തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ടി. എൻ. പ്രതാപൻ:<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ. വർക്കല കഹാർ:<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: | ശ്രീ. വി. എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് നോർക്ക വകുപ്പിന്റെ കീഴിൽ കളക്ടറേറ്റുകളിൽ പ്രവർത്തനം തുടങ്ങിയ നോർക്ക സെല്ലുകളുടെ സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ പുതിയ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത് ; | (എ) വിദേശ മലയാളികൾക്ക് ഭരണസംവിധാനവുമായി നേരിട്ട് വിശ്വാസ്യമായ ബന്ധം വളർത്തുന്നതിനും റവന്യൂ, പോലീസ്, നിയമസഹായം എന്നീ മൂന്നു മേഖലകളിൽ പ്രവാസികൾ മുന്നോട്ടുവയ്ക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അതാത് ജില്ലാ കളക്ട്രേറ്റുകളിലെ നോർക്ക സെല്ലുകളോടനുബന്ധിച്ച് ഫാസ്റ്റ്ട്രാക്ക് സംവിധാനം രൂപപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ സംവിധാനം വഴി പ്രവാസി മലയാളികളുടെ റവന്യൂ, പോലീസ്, നിയമസഹായം തുടങ്ങിയ മേഖലകളിലുള്ള പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും പരിഹാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും കഴിയുന്നതാണ്. |

| | |
|---|---|
| (ബി) പ്രവാസി തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എല്ലാ കളക്ടറേറ്റുകളിലെയും നോർക്ക സെല്ലുകളിൽ ഇപ്പോൾ നടത്തുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (ബി) ഉണ്ട്. നോർക്ക-റൂട്ട്സ് വിതരണം ചെയ്യുന്ന പ്രവാസി തിരിച്ചറിയൽ കാർഡുകൾ നിലവിൽ എറണാകുളം, തിരുവനന്തപുരം, കോഴിക്കോട് ഒഴികെയുള്ള ജില്ലാ കളക്ട്രേറ്റുകളിലെ നോർക്ക സെല്ലുകൾ വഴിയാണ് വിതരണം ചെയ്തു വരുന്നത്. എറണാകുളം, തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ നോർക്ക-റൂട്ട്സ് റീജണൽ ഓഫീസ് മുഖേന കാർഡുകൾ വിതരണം ചെയ്യുന്നു. |
| (സി) പ്രവാസി ക്ഷേമ പ്രവർത്തനങ്ങളുടെ നടപടികളുടെ ഭാഗമായി നടത്തിവരുന്ന മറ്റെന്തൊക്കെ പദ്ധതികളുമായി ബന്ധപ്പെട്ട സേവനങ്ങളാണ് ഇപ്പോൾ ജില്ലാതല സെല്ലുകളിൽ നിന്നും ലഭിക്കുന്നത് ;<br>(ഡി) ഇത് സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കുമോ ? | (സി & ഡി ) തിരിച്ചറിയൽ കാർഡ് വിതരണം, അപേക്ഷാ ഫോമുകളുടെ വിതരണം, പരാതികൾ സ്വീകരിക്കൽ എന്നിവ നോർക്ക സെൽ വഴി ചെയ്തുവരുന്നു. കൂടാതെ നോർക്ക വകുപ്പ്, നോർക്ക റൂട്ട്സ് പ്രവാസി ക്ഷേമനിധി എന്നിവയുടെ വിവിധ പദ്ധതികളെക്കുറിച്ചുള്ള വിശദവിവരങ്ങളും സെല്ലുകളിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 465 — 20.07.2010 -ൽ മറുപടിയ്ക്ക്

## ഹരിത തീര പദ്ധതിയിൽ നദിയോരത്ത് വൃക്ഷത്തൈകൾ നടുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പ്രദീപ് കുമാർ<br>ശ്രീ.എം.കെ.പുരുഷോത്തമൻ<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി | ശ്രീ. ബിനോയ് വിശ്വം (വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | വനം വകുപ്പും ഫിഷറീസ് വകുപ്പും സംയുക്തമായി ആരംഭിച്ച ഹരിതതീരം പദ്ധതി പ്രവർത്തനം സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ ; | എ) | ഉണ്ട്. |
| ബി) | പദ്ധതിപ്രകാരം എത്ര കാറ്റാടി മരങ്ങളും മറ്റു വൃക്ഷങ്ങളും കടൽത്തീരത്ത് നട്ടിട്ടുണ്ട്; അവയുടെ സംരക്ഷണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | ബി) | ഹരിതതീരം പദ്ധതിപ്രകാരം 2007-08 മുതൽ 2009-10 വരെ 163.40 ഹെ. സ്ഥലത്ത് 16.34 ലക്ഷം കാറ്റാടി മരങ്ങളും 14.65 ഹെ. സ്ഥലത്ത് 29700 കണ്ടൽ ചെടികളും നട്ടുപിടിപ്പിച്ചിട്ടുണ്ട്. കൂടാതെ തീരദേശ വാർഡുകളിലെ വീട്ടുവളപ്പുകളിൽ നട്ടുപിടിപ്പിക്കുന്നതിനായി 5.88 ലക്ഷം വിവിധതരം വൃക്ഷത്തൈകളും വിതരണം ചെയ്തിട്ടുണ്ട്. ആകെ 22.52 ലക്ഷം വൃക്ഷത്തൈകൾ നടീലിനും വിതരണത്തിനുമായി ഈ പദ്ധതിയിൽ ഉപയോഗിച്ചിട്ടുണ്ട്.<br>ഹരിതതീരം പദ്ധതിപ്രകാരം വച്ചു പിടിപ്പിച്ച പ്ലാന്റേഷനുകളുടെ സംരക്ഷണവും പരിപാലനവും ചാരിറ്റബിൾ സൊസൈറ്റി ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള 132 തീര സംരക്ഷണ വനവൽക്കരണ സമിതികൾ (ടി.എസ്.വി.എസ്) വഴിയാണ് നടപ്പിലാക്കുന്നത്. |
| സി) | ഹരിത തീരം പദ്ധതി തുടരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | സി) | ഹരിതതീരം പദ്ധതി 2007-08 മുതൽ 2009-10 വരെയുള്ള മൂന്നു വർഷകാലത്തേക്കുള്ള-തായിരുന്നു. വച്ചുപിടിപ്പിച്ച പ്ലാന്റേഷനുകളുടെ |

| | | | |
|---|---|---|---|
| | | | സംരക്ഷണവും പരിപാലനവും തീര സംരക്ഷണ വനവൽക്കരണ സമിതി (ടി.എസ്.വി.എസ്) യാണ് തുടർന്ന് നടത്തേണ്ടത്. |
| ഡി) | നദിയോരത്ത് വൃക്ഷത്തൈകൾ നടുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ ? | ഡി) | ഹരിതകേരളം പദ്ധതിക്കുകീഴിൽ നദിയോരത്ത് വൃക്ഷവൽക്കരണം നടത്തുന്നതിനുവേണ്ടി ആലപ്പുഴ, കോട്ടയം, പാലക്കാട് ജില്ലകളിലായി 10600 മുളം തൈകളും 6000 വിവിധയിനം വൃക്ഷത്തൈകളും പഞ്ചായത്തുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഈ വർഷം മുതൽ ഈ പരിപാടി മറ്റു ജില്ലകളിലും നടപ്പിലാക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 466

20.7.2010 ൽ
മറുപടിയ്ക്ക്

## സൈബർ കഫേകളെ നിയന്ത്രിക്കുന്നതിനുള്ള ചട്ടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ ;<br>ശ്രീ. എം.കെ. പ്രേംനാഥ് ;<br>ശ്രീ. കെ.പി. മോഹനൻ ; | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) 2000-ലെ കേന്ദ്ര ഐ.ടി. ആക്ട് പ്രകാരം സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച സൈബർ കഫേകളെ നിയന്ത്രിക്കുന്നതിനുള്ള ചട്ടം റദ്ദ് ചെയ്തിട്ടുണ്ടോ ; | എ) ഉണ്ട്. 21.8.2008 ലെ ജി.ഒ.(പി) നം.32/2008/ഐ.ടി.ഡി. പ്രകാരം SRO നം.915/2008 നോട്ടിഫിക്കേഷനായി 3.9.2008 ൽ അസാധാരണ ഗസറ്റ് പ്രകാരം റദ്ദ് ചെയ്തിട്ടുണ്ട്. |
| ബി) എങ്കിൽ കാരണം വ്യക്തമാക്കുമോ ; | ബി) 2000 ലെ കേന്ദ്ര ഐ.ടി. ആക്ടിന്റെ സെക്ഷൻ 90 അനുസരിച്ചാണ് ഐ.ടി. (സൈബർ കഫേ നിയന്ത്രണങ്ങൾ) കേരള റൂൾസ് 2007 പുറപ്പെടുവിച്ചിരുന്നത്. എന്നാൽ ഐ.ടി. ആക്ടിന്റെ സെക്ഷൻ 90, പ്രസ്തുത ആക്ടിന്റെ പ്രൊവിഷനുകൾ നടപ്പിലാക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്നതിനുള്ള അധികാരം മാത്രമേ സംസ്ഥാന സർക്കാരുകൾക്ക് നൽകിയിട്ടുള്ളുവെന്നും, സൈബർ കഫേ സംബന്ധിച്ചുള്ള പ്രൊവിഷനുകളൊന്നും ഈ ആക്ടിൽ ഇല്ലാത്തതിനാൽ സെക്ഷൻ 90 ഇൻവോക്ക് ചെയ്ത് സൈബർകഫേ നിയന്ത്രണങ്ങൾക്കുള്ള നിയമം നിർമ്മിക്കുന്നത് ഉചിതമല്ലെന്നും കേന്ദ്ര സർക്കാർ അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ചട്ടം റദ്ദാക്കിയത്. |
| സി) 2008-ലെ കേന്ദ്ര ഐ.ടി. ഭേദഗതി ആക്ട് പ്രകാരം സംസ്ഥാനം പുറപ്പെടുവിച്ച ചട്ടങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ ;<br><br>ഡി) ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ? | (സി) യും (ഡി) യും.<br><br>2008-ലെ കേന്ദ്ര ഐ.ടി. ഭേദഗതി ആക്ട് പ്രകാരം പുതുക്കിയ ചട്ടങ്ങൾ പുറപ്പെടുവിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : **467*** 20.7.2010 ൽ മറുപടിക്ക്

## റോഡുകളുടെ അലൈൻമെന്റ് നടക്കാത്തതുമൂലമുള്ള പ്രശ്നങ്ങൾ

| ചോദ്യം<br>ശ്രീ. സി.എം.ദിനേശ്മണി<br>ശ്രീ.സാജു പോൾ<br>ശ്രീ. അനത്തലവട്ടം ആനന്ദൻ<br>ശ്രീ.കെ.കെ. ദിവാകരൻ | ഉത്തരം<br>ഡോ ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ റോഡുകളുടെ അലൈൻമെന്റ് ചെയ്യാത്തതുമൂലമുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| ബി) റോഡുകളുടെ ബലപ്പെടുത്തൽ ശാസ്ത്രീയമായി ആവിഷ്ക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (ബി). സ്വീകരിച്ചുവരികയാണ്. |
| സി) ദേശീയ -സംസ്ഥാന റോഡുകൾ, മേജർ ഇന്റർ ഡിസ്ട്രിക്ട് റോഡുകൾ, വില്ലേജ് റോഡുകൾ മുതലായ വിവിധ വിഭാഗം റോഡുകൾക്ക് വ്യത്യസ്ത മാനദണ്ഡങ്ങൾ തയ്യാറാക്കാനും ഇവ പാലിച്ചു മാത്രം തുടർന്ന് പ്രസ്തുത റോഡുകളിൽ വിപുലീകരണ പ്രവർത്തനങ്ങൾ നടത്താനും തയ്യാറാകുമോ ; | (സി) ദേശീയ സംസ്ഥാന റോഡുകൾ, മേജർ ഇന്റർ ഡിസ്ട്രിക്ട് റോഡുകൾ എന്നിവയുടെ വിപുലീകരണ പ്രവർത്തനങ്ങൾക്ക് ഇൻഡ്യൻ റോഡ് കോൺഗ്രസ്സ് അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ നിലവിലുണ്ട്. ഇവ പരമാവധി പാലിച്ചാണ് പ്രസ്തുത റോഡുകളുടെ വിപുലീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. |

| | |
|---|---|
| | |
| (ഡി) ഭാരവണ്ടികളുടെ ബാഹുല്യം പരിഗണിച്ച് റോഡുകളുടെ ഉപരിതല ത്തിന്റെ കനം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ഡി) റോഡുകളുടെ ഉപരിതലം ബിറ്റുമിനസ് മെക്കാഡം & ബിറ്റുമിനസ്സ് കോൺക്രീറ്റ് എന്ന മിശ്രിതം ഉപയോഗിച്ച് ബലപ്പെടുത്തുന്ന പ്രവൃത്തികൾ ഘട്ടം ഘട്ടമായി ഏറ്റെടുത്തു ചെയ്തുവരുന്നു. |
| (ഇ) റോഡുകൾ പുനരുദ്ധരിക്കുമ്പോൾ വീതി കൂട്ടുവാൻ പ്രതിഫലം വാങ്ങാതെ സ്ഥലം വിട്ടുനൽകുന്നവർക്ക് മതിലുകൾ പുനഃസ്ഥാപിക്കുവാനുള്ള തുക നൽകുമോ; | (ഇ) പരിഗണിക്കാവുന്നതാണ്. |
| (എഫ്) റോഡുകളിൽ നിന്നുള്ള ജല നിർഗ്ഗമന മാർഗ്ഗങ്ങൾ നിലനിർത്തുവാൻ നിയമവ്യവസ്ഥ കൊണ്ടുവരുമോ എന്ന് വ്യക്തമാക്കുമോ ? | (എഫ്) പരിഗണിക്കാവുന്നതാണ്. |

[signature]

**സെക്ഷൻ ഓഫീസർ**

## പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 468      20.07.2010-ൽ മറുപടിക്ക്

### റോഡുകൾ ദേശീയപാതയാക്കുന്നത് സംബന്ധിച്ച്


**ചോദ്യം**

ശ്രീ. യു.സി. രാമൻ :

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

**ഉത്തരം**

ഡോ. റ്റി.എം. തോമസ് ഐസക്

(ധനകാര്യ വകുപ്പുമന്ത്രി)


(എ) രാജ്യത്ത് പുതിയ ദേശീയപാതകൾ പ്രഖ്യാപിക്കുന്ന സാഹചര്യത്തിൽ കേരളത്തിൽ നിന്നും ഏതെങ്കിലും റോഡുകൾ ദേശീയപാതയാക്കണമെന്ന് സർക്കാർ കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ടോ ;

(എ) ഉണ്ട്.

(ബി) എങ്കിൽ ഏതെല്ലാം പാതകൾ എൻ.എച്ച്. ആക്കണമെന്നാണ് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) കോഴിക്കോട് -ചെറുപ്പ - നിലമ്പൂർ - ഗൂഡല്ലൂർ റോഡ് നാഷണൽ ഹൈവേയാക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേലൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

**(ബി) യും (സി) യും**

കോഴിക്കോട് - ചെറുപ്പ - നിലമ്പൂർ - ഗൂഡല്ലൂർ റോഡ് ഉൾപ്പടെ സംസ്ഥാനത്തെ ഏഴ് പ്രധാന റോഡുകൾ ദേശീയപാതകളായി പ്രഖ്യാപിക്കണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട് . ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഡി) ദേശീയപാതയാക്കുന്ന കാര്യത്തിൽ എന്തെങ്കിലും നിബന്ധന സംസ്ഥാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

(ഡി) സംസ്ഥാന സർക്കാർ പ്രത്യേക നിബന്ധനകളൊന്നും ഏർപ്പെടുത്തിയിട്ടില്ല

സെക്ഷൻ ഓഫീസർ

## Proposals for new NHs submitted to MORTH

| Sl No | Name of Road | Distance (km) |
|---|---|---|
| 1 | Thiruvananthapuram-Nedumangad-Chullimannoor - Madathara-Kulathupuzha – Thenmala - Punalur-Pathanapuram-Ranni-Plachery-Manimala-Ponkunnam-Palai - Thodupuzha-Muvattupuzha | 246 |
| 2 | Chalakudy-Athirapally – Vazhachal – PeringalKuthu - (State boundary) – Pollachi | 70 |
| 3 | Kodungallur(NH 17-408/850) – Irinjalakuda - Trichur-Vadakkanchery – Cheruthuruthy – Shoranur - Pattambi-Perinthalmanna – Melattur – Pattikadu –Pandikkadu - Vandoor-Vadapuram – Kaligavu - Nilambur-state boundary(31.6 km)- Gudalloor SH(22,23,28,39,73) | 181 |
| 4 | Kozhikode-Cherupa – Oorakadavu - Areakkode - Edavanna-Nilambur - Nadukani (97.7 km) - Gudallur-Ootty(60 km) | 97.7/157.7 |
| 5 | Vadakara-Nadapuram – Kuttiyadi - Thottilpalam-Vakramthalam-Tharuvanna-Nalammile – Mananthavady - Kaattikulam-Baveli (state Boundary) - Mysore | 90.95/181 |
| 6 | Thalassery(NH 17) – Koothuparamba - Mattannoor-Irutty-Koottapuzha (State Border) – Virajpettah – Gonikoppam - Hunsur-Mysore (NH 212) (within Kerala 54 km) | 54/192 |
| 7 | Thalassery- Koothuparamba- Kannavam- Nedumboil - Mananthavady – Panamaram - Sulthan Bathery | 124 |

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 469 | 20.07.2010-ൽ മറുപടിയ്ക്ക്

### പറമ്പിക്കുളം കടുവ സംരക്ഷണകേന്ദ്രം സ്ഥാപിക്കുന്നതിനായി സ്വീകരിച്ച നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. ദിവാകരൻ<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. എം. ഹംസ<br>ശ്രീ. ടി.പി. കുഞ്ഞുണ്ണി | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| **എ.** പറമ്പിക്കുളം കടുവ സംരക്ഷണകേന്ദ്രം സ്ഥാപിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | **എ.** പറമ്പിക്കുളം വന്യജീവി സങ്കേതത്തിന്റെ 235 ച.കി.മീ. സ്ഥലം കോർ അഥവാ ക്രിട്ടിക്കൽ ടൈഗർ ഹാബിറ്റാറ്റ് ആയി 31.12.2007 ലെ ജി.ഒ.(പി) നമ്പർ 75 / 2007 / F&WLD പ്രകാരം പ്രഖ്യാപിച്ചിരുന്നു. ഇതിനെ തുടർന്ന് ഈ പ്രദേശം ഒരു കടുവാ സംരക്ഷണ കേന്ദ്രമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടിക്രമത്തിന്റെ ഭാഗമായി കടുവാ സങ്കേതവുമായി ബന്ധപ്പെട്ട കോർ ബഫർ ഏരിയകൾ കണ്ടെത്തുന്നതിനായി ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ നേതൃത്വത്തിലുള്ള ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തി. ഈ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 155.89 ച്.കി.മീ. സ്ഥലങ്ങൾ കൂടി പുതിയതായി ഉൾപ്പെടുത്തി ആകെ 390.89 ച.കി.മീ. സ്ഥലം കോർ ഏരിയയായും കോർ ഏരിയയുടെ സമീപത്തുള്ള 252.772 ച.കി.മീ. സ്ഥലം ബഫർ ഏരിയയായും 17.12.2009 ൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. ആകെ 643.992 ച.കി.മീ. വിസ്തീർണ്ണമുള്ള പറമ്പിക്കുളം കടുവ സംരക്ഷണ കേന്ദ്രത്തിന്റെ ഔദ്യോഗിക പ്രഖ്യാപനം 19.2.2010 ൽ ബഹു. കേന്ദ്ര വനം പരിസ്ഥിതി മന്ത്രി നിർവ്വഹിച്ചു. |
| **ബി.** എത്ര ഏക്കർ വനപ്രദേശം ഇതിനായി സംരക്ഷിത പ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട്; | **ബി.** ഈ കേന്ദ്രത്തിന്റെ മൊത്തം വിസ്തൃതി 643.662 ച.കി.മീ. ആണ്. ഇതിൽ 285 ച.കി.മീ. (70423 ഏക്കർ) പ്രദേശം നോട്ടിഫൈഡ് സംരക്ഷിത മേഖലയാണ്. |
| **സി.** സംരക്ഷിത മേഖലയിൽ താമസിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | **സി.** ഉണ്ട്. |

| | | | |
|---|---|---|---|
| ഡി. | എങ്കിൽ വിശദാംശം നൽകുമോ; കടുവ സംരക്ഷിത മേഖലയിൽ എത്ര കടുവകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ; | ഡി. | ഈ സങ്കേതത്തിലെ കുരിയാർകുട്ടി ട്രൈബൽ കോളനിയിലെ 174 അംഗങ്ങളടങ്ങുന്ന 118 കുടുംബങ്ങളെ മാറ്റി പാർപ്പിക്കാൻ 11.8 കോടി രൂപ ചെലവ് വരുന്ന ഒരു പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.<br><br>വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ 2009-ൽ നടത്തിയ കണക്കെടുപ്പ് അനുസരിച്ച് ഈ പ്രദേശത്ത് 8 മുതൽ 15 വരെ കടുവകൾ ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു. |
| ഇ. | പദ്ധതിയ്ക്കായി എത്രകോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | ഇ. | മേൽപ്പറഞ്ഞ പുനരധിവാസ പദ്ധതിയ്ക്കായി കേന്ദ്ര സർക്കാർ ഇതുവരെ തുകയൊന്നും അനുവദിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## 15 -ാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 20.07.2010 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ 470

| ദേശീയ സമ്പാദ്യ പദ്ധതി ഏജൻറുമാർക്ക് ക്ഷേമനിധി പെൻഷൻ | | |
|---|---|---|
| **ചോദ്യം**<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ.പി.ജയരാജൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീമതി കെ.കെ.ശൈലജ ടീച്ചർ | | **ഉത്തരം**<br>ഡോ.റ്റി.എം.തോമസ് ഐസക്<br>ധനകാര്യ വകുപ്പ് മന്ത്രി |
| (എ) | ദേശീയ സമ്പാദ്യ പദ്ധതി ഏജൻറുമാരുടെ ക്ഷേമത്തിനായി സർക്കാർ സ്വീകരിച്ചിട്ടുളള നടപടികൾ വിശദമാക്കുമോ; | ദേശീയ സമ്പാദ്യ പദ്ധതി ഏജൻറുമാരുടെ ക്ഷേമത്തിനായി ഒരു ക്ഷേമ പദ്ധതി നിലവിലുണ്ട്.<br><br>കൂടാതെ ഏജൻറുമാർക്ക് ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി സഹകരിച്ച് ഒരു പെൻഷൻ പദ്ധതിയും നിലവിലുണ്ട്. |
| (ബി) | ഏജൻറുമാർക്ക് ക്ഷേമനിധി പെൻഷൻ നൽകുന്നതിനുളള നടപടികൾ പൂർത്തിയായിട്ടുണ്ടോ; | ഏജൻറുമാർക്ക് ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി സഹകരിച്ച് ഒരു പെൻഷൻ പദ്ധതി നിലവിലുണ്ട്. ഈ പദ്ധതി കുറെക്കൂടി മെച്ചപ്പെടുത്തുന്നതിനുളള മാർഗ്ഗങ്ങൾ എൽ.ഐ.സി യുമായി ചർച്ച ചെയ്തുവരികയാണ് |
| (സി) | ദേശീയ സമ്പാദ്യ പദ്ധതി സംസ്ഥാനത്ത് കഴിഞ്ഞവർഷം ലക്ഷ്യം കൈവരി ച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | ദേശീയ സമ്പാദ്യ പദ്ധതി സംസ്ഥാനത്ത് കഴിഞ്ഞ വർഷം ലക്ഷ്യം കൈവരിച്ചിട്ടില്ല. |

| | | |
|---|---|---|
| (ഡി) | ദേശീയ സമ്പാദ്യ പദ്ധതി ഫണ്ടിൽ നിന്നും സംസ്ഥാനം എടുത്തിട്ടുള്ള വായ്പയിൽ എത്ര കോടി രൂപ കുടിശ്ശികയുണ്ട്; | ദേശീയ സമ്പാദ്യ പദ്ധതി ഫണ്ടിൽ നിന്നും സംസ്ഥനമെടുത്തിട്ടുള്ള വായ്പയിൽ താൽക്കാലിക കണക്ക് പ്രകാരം 30.06.2010 വരെ ആകെ 11663.79 കോടി രൂപ തിരിച്ചടയ്ക്കേണ്ടതായിട്ടുണ്ട്. ഇതിന്റെ തിരിച്ചടവ് കൃത്യമായ തവണകളായി നടക്കുന്നുണ്ട്. |
| (ഇ) | കുടിശികയ്ക്കുള്ള പലിശ നിരക്ക് എത്രയാണ്; | ദേശീയ സമ്പാദ്യ പദ്ധതി ഫണ്ടിൽ നിന്നും 1999-2000, 2000-2001, 2001-2002, 2002-2003 വർഷങ്ങളിൽ സംസ്ഥാനമെടുത്തിട്ടുള്ള വായ്പയ്ക്ക് 10.5 ശതമാനവും 2003-2004 മുതൽ എടുത്തിട്ടുള്ള വായ്പയ്ക്ക് 9.5 ശതമാനവും ആണ് പലിശ നിരക്ക്. |
| (എഫ്) | 13-ാം ധനകാര്യ കമ്മീഷൻ പലിശ നിരക്കിൽ എന്തെങ്കിലും ഇളവ് അനുവദിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ; | 2006-2007 സാമ്പത്തിക വർഷംവരെ അനുവദിച്ചിട്ടുള്ളതും 2009-2010 സാമ്പത്തിക വർഷാവസാനം ശേഷിക്കുന്നതുമായ വായ്പാതുകകളുടെ പലിശ നിരക്ക് നിലവിലുള്ള 10.5 ശതമാനം അല്ലെങ്കിൽ 9.5 ശതമാനത്തിൽ നിന്നും പ്രതിവർഷം 9% ആയി ഏകീകരിക്കണമെന്ന് 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. ഈ ശുപാർശയിൻമേലുള്ള കേന്ദ്ര സർക്കാർ നിർദ്ദേശം സംസ്ഥാന സർക്കാരിന് ഇതുവരെയും ലഭിച്ചിട്ടില്ല. |

A S Kumar

അക്കൗണ്ട്സ് ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട<br>ചോദ്യം നമ്പർ: 471 | 20-7-2010-ൽ<br>മറുപടിയ്ക്ക് |

### ഇലക്ട്രോണിക് മാധ്യമ വിഭാഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ശിവദാസൻ നായർ:<br>" എം.എ.വാഹീദ്:<br>" എൻ.ശക്തൻ:<br>" ടി.എൻ.പ്രതാപൻ: | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(ബഹു: മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ വാർത്താ വിതരണ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി ഒരു ഇലക്ട്രോണിക് മാധ്യമ വിഭാഗം രൂപീകരിക്കുന്നതു സംബന്ധിച്ച് പഠനം നടത്തുന്നതിന് വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിരുന്നുവോ; | (എ) ഇലക്ട്രോണിക് മാധ്യമ വിഭാഗം രൂപീകരിക്കുന്നതുൾപ്പെടെ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നവീകരണം ലക്ഷ്യമാക്കിയുള്ള പഠനത്തിനായി വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. |
| (ബി) ഈ സമിതി ഇക്കാര്യത്തിൽ സർക്കാരിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് സമർപ്പിച്ചിരുന്നത്; | (ബി) സമിതി ഇതു സംബന്ധിച്ച് ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുകയുണ്ടായി.<br><br>(1) ജനപ്രതികരണം മുഖ്യമന്ത്രിയ്ക്കും മന്ത്രിമാർക്കും എത്തിക്കുന്നതിനായി മീഡിയാ മോണിറ്ററിംഗ് & ഫീഡ് ബാക്ക് സംവിധാനം ഏർപ്പേടുത്തുക.<br><br>(2) സർക്കാരിനെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും സേവനങ്ങളും ലഭ്യമാകുന്ന തരത്തിൽ സർക്കാർ വെബ്പോർട്ടലിനെ ഇൻഫർമേഷൻ ഗേറ്റ്വേ ആയി രൂപാന്തരപ്പെടുത്തുക.<br><br>(3) ജില്ലയിൽ നിന്നുള്ള വീഡിയോ ക്ലിപ്പിംഗുകൾ സെർവർ വഴി ഡയറക്ടറേറ്റിലും, മാധ്യമങ്ങൾക്കും എത്തിക്കുവാൻ ഇന്റർനെറ്റ് മെയിൽ സംവിധാനം ഏർപ്പെടുത്തുക. |

(4) വകുപ്പിന് കീഴിലുള്ള ഫോട്ടോഗ്രാഫി വിഭാഗം നവീകരിച്ച് പഴയകാല ഫോട്ടോകൾ സൂക്ഷിച്ച് വയ്ക്കുന്നതിനായി ഡിജിറ്റൽ ആർക്കൈവ്സ് സ്ഥാപിക്കുക.

(5) വകുപ്പിന് കീഴിൽ ഒരു കമ്പനി രൂപീകരിച്ച് സർക്കാർ തലത്തിൽ ടെലിവിഷൻ ചാനൽ തുടങ്ങുക.

(സി) പുതുതായി രൂപീകരിച്ച ഇലക്ട്രോണിക് മാധ്യമ വിഭാഗം എന്തൊക്കെ പ്രവർത്തനങ്ങൾ നടത്താനാണ് ലക്ഷ്യമിട്ടിരിയ്ക്കുന്നത്?

(സി) പുതുതായി രൂപീകരിച്ച ഇലക്ട്രോണിക് മാധ്യമ വിഭാഗം താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് ഇപ്പോൾ നടത്തുന്നത്.

ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ പൊതുജന പരാതി പരിഹാരത്തിനായി സുതാര്യകേരളം പോലുള്ള പരിപാടികൾ ഒരുക്കുക, സംസ്ഥാനത്തിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങൾ, കേരളത്തിന്റെ സാംസ്കാരിക പൈതൃകം, ബന്ധപ്പെട്ട മറ്റ് മേഖലകൾ എന്നിവയെക്കുറിച്ച് ഡോക്യുമെന്ററികൾ, ഹ്രസ്വചിത്രങ്ങൾ, പരമ്പരകൾ എന്നിവ നിർമ്മിക്കുക എന്നീ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ സംസ്ഥാനത്തൊമ്പാടും നടക്കുന്ന സർക്കാർ പരിപാടികളുടെ വീഡിയോ കവറേജ് നടത്തി വീഡിയോ ക്ലിപ്പിംഗ് ചാനലുകൾക്ക് ലഭ്യമാക്കുക, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾക്കായി വാർത്താധിഷ്ഠിത പരിപാടികൾ തയ്യാറാക്കുക, ഡയറക്ടറേറ്റിലും, ജില്ലാ ഓഫീസുകളിലും വീഡിയോ ക്ലിപ് മെയിൽ സംവിധാനം നിലനിർത്തിക്കൊണ്ടുപോകുന്നതിനുള്ള സാങ്കേതിക സഹായം നൽകുക, വീഡിയോ ന്യൂസ് ലോഗിംഗിന് മേൽനോട്ടം വഹിക്കുക തുടങ്ങിയ പ്രവർത്തനങ്ങളും ഈ വിഭാഗം നടത്തിവരുന്നു.

വകുപ്പിന്റെ വീഡിയോ-ആഡിയോ ശേഖരം സംരക്ഷിക്കാനുള്ള ഡിജിറ്റലൈസ്ഡ് ആഡിയോ, വീഡിയോ ആന്റ് ഫോട്ടോ ആർക്കൈവ്സ് വികസിപ്പിക്കുക, ഡിജിറ്റൽ ഡാറ്റാ ഷോട്ട് ബൈ ഷോട്ടായി ഉടനടി ലഭ്യമാക്കാൻ കഴിയുന്ന പ്രവർത്തന രീതി ആവിഷ്കരിക്കുക തുടങ്ങിയ പ്രവർത്തനങ്ങളും ഈ വിഭാഗത്തിൽ നടന്നുവരുന്നു.

സർക്കാരിന്റെ വെബ്പോർട്ടൽ സമ്പൂർണ്ണമായ ഒരു സർവ്വീസ് ഗേറ്റ്വേ ആയി വികസിപ്പിച്ച് പരിപാലിക്കുക, പോർട്ടലും ജില്ലാ വെബ്സൈറ്റുകളും വകുപ്പിന്റെ വെബ്സൈറ്റും നവീകരിക്കുക, വിവിധ സർക്കാർ വകുപ്പുകളുടെ വെബ്സൈറ്റുകൾക്കായി ഉള്ളടക്കം വികസിപ്പിക്കുക, ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള വിവര വിനിമയത്തിനായി ഇൻഫർമേഷൻ മാനേജ്മെന്റ് സംവിധാനം രൂപപ്പെടുത്തുക, വിവരാവകാശ നിയമം കാര്യക്ഷമമായി വിനിയോഗിക്കാനുള്ള മാധ്യമമായി വെബിനെ ഉപയോഗിക്കുക, വിവിധ സർക്കാർ വകുപ്പുകളിൽ നിന്ന് വെബ്പോർട്ടലിലേക്ക് നിയമിച്ചിരിക്കുന്ന നോഡൽ ഓഫീസർമാരുടെ ഏകോപനം നിർവ്വഹിക്കുക, സർക്കാരിന്റെ വിവിധ വെബ്സൈറ്റുകളുടെ ഉള്ളടക്കം ഓഡിറ്റ് ചെയ്യുക എന്നീ പ്രവർത്തനങ്ങളും ഈ വിഭാഗത്തിൽ നടുന്നുവരുന്നു.

വിവിധ സർക്കാർ വകുപ്പുകൾക്കു വേണ്ടി ഇലക്ട്രോണിക് മാധ്യമങ്ങളിലേക്ക് പരസ്യം നിർമ്മിച്ച് വിതരണം, സംപ്രേക്ഷണം, മാർക്കറ്റിംഗ് തുടങ്ങിയ പ്രവർത്തനങ്ങളും ഈ വിഭാഗത്തിൽ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ.

**പന്ത്രണ്ടാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *472 20.07.2010-ൽ മറുപടിയ്ക്ക്

## *സംസ്ഥാന ശാസ്ത്ര സാങ്കേതിക ശാസ്ത്ര പരിസ്ഥിതി കൗൺസിലിന്റെ പുതിയ പദ്ധതികൾ*

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ബാബു<br>ശ്രീ.എം.മുരളി<br>ശ്രീ.എ.പി.അനിൽകുമാർ | ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാന ശാസ്ത്ര സാങ്കേതിക ശാസ്ത്ര പരിസ്ഥിതി കൗൺസിൽ ഈ വർഷം ശാസ്ത്ര ഗവേഷണത്തിനായി എന്തൊക്കെ പുതിയ പദ്ധതികൾ ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; | (എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലും അതിന്റെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളിലുമായി ഈ വർഷം 42 പുതിയ പദ്ധതികൾ ആരംഭിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുകയാണ്. പദ്ധതികളുടെ വിശദാംശം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. |
| (ബി) ഇതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന് എന്തെങ്കിലും പ്രോജക്ട് റിപ്പോർട്ടുകൾ നൽകിയിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) ഇത്തരത്തിൽ ആരംഭിക്കുന്ന ഏതൊക്കെ പദ്ധതികൾക്ക് കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ട്; | (സി) പുതുതായി ആരംഭിക്കുന്ന പല പദ്ധതികൾക്കും കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതികളുടെ പട്ടിക അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. |
| (ഡി) കൗൺസിൽ ഗവേഷണത്തിലും വികസന പദ്ധതി നടത്തിപ്പിനുമായി സംസ്ഥാനത്തെ സർവ്വകലാശാലകളുമായി സഹകരിച്ച് എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്? | (ഡി) ഗവേഷണത്തിനും വികസന പദ്ധതി നടത്തിപ്പിനുമായി സംസ്ഥാനത്തെ സർവ്വകലാശാലകളുമായി സഹകരിച്ച് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതിയുടെ വിവരം അനുബന്ധം-3 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 473 20-07-2010 ന് മറുപടിക്ക്

## വനംമാഫിയയെ നേരിടുന്നതിന് സ്വീകരിക്കുന്ന നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ് എം. തോമസ്:<br>" കെ. സി. കുഞ്ഞിരാമൻ:<br>ശ്രീമതി കെ. എസ്. സലീഖ:<br>ശ്രീ. അൽഫോൺസ് കണ്ണന്താനം: | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വനംമാഫിയയെ നേരിടുന്നതിനും കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനുമായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) വനംമാഫിയയെ നേരിടുന്നതിനും വനം കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനുമായി ഡോഗ് സ്ക്വാഡ് രൂപീകരണം, പങ്കാളിത്ത വന പരിപാലനം ശക്തിപ്പെടുത്തുന്നതിന് വേണ്ടി കൂടുതൽ വി.എസ്.എസ്/ഇ.ഡി.സി/ എഫ്.ഡി.എ എന്നിവയുടെ രൂപീകരണം, അന്തർ സംസ്ഥാന കുറ്റവാളികളെ കണ്ടുപിടിക്കുന്നതിന് മറ്റ് സംസ്ഥാനങ്ങളിലെ വനം വകുപ്പുമായുള്ള സഹകരണം മെച്ചപ്പെടുത്തൽ, വന മേഖലയിലെ കഞ്ചാവ് കൃഷി നിർമ്മാർജ്ജന പ്രവർത്തനങ്ങൾ, വന മേഖലയിലെ വ്യാജവാറ്റ് നിർമ്മാർജ്ജന പ്രവർത്തനങ്ങൾ, വനം കയ്യേറ്റം തടയൽ, ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം ഊർജ്ജിതമാക്കൽ എന്നീ നടപടികളാണ് ഈ സർക്കാർ പ്രധാനമായും സ്വീകരിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിനായി കൂടുതൽ വനസംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ, വനവികസന ഏജൻസികൾ, വനശ്രീ എന്നിവ രൂപീകരിച്ചു. കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ പങ്കാളിത്ത വനസംരക്ഷണ സമിതികൾ മുഖേനയാണ്. വനമേഖലയിലെ ഇക്കോ ടൂറിസം പ്രവർത്തനങ്ങളുടെ നടത്തിപ്പ് വനസംരക്ഷണ സമിതികളുടെയും ഇക്കോഡെവലപ്മെന്റ് കമ്മിറ്റികളുടെയും പങ്കാളിത്തത്തോടെയാണ്. |
| (സി) | വാളയാർ ചന്ദന മോഷണകേസ് സംബന്ധിച്ച സി.ബി.ഐ അന്വേഷണം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) | വാളയാർ ചന്ദന മോഷണ കേസുമായി ബന്ധപ്പെട്ട് സി.ബി.ഐ - യുടെ അന്വേഷണ റിപ്പോർട്ട് വനം വകുപ്പിന് ലഭിച്ചിട്ടില്ല. |
| (ഡി) | വനമേഖലകൾ നേരിടുന്ന വെല്ലുവിളികൾ ചർച്ച ചെയ്യുന്നതിനും പരിഹാരം കണ്ടെത്തുന്നതിനുമായി ഈ സർക്കാർ വന സംരക്ഷണ സംഗമങ്ങൾ സംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ഡി) | വനമേഖലകൾ നേരിടുന്ന വെല്ലുവിളികൾ ചർച്ച ചെയ്യുന്നതിനും പരിഹാരം കണ്ടെത്തുന്നതിനുമായി ഉന്നത വനം ഉദ്യോഗസ്ഥരുടെ യോഗം കൃത്യമായ ഇടവേളകളിൽ കൂടാറുണ്ട്. വനസംരക്ഷണ സമിതികളുടെ ഒരു സംഗമം 11-5-2008 - ൽ തൃശ്ശൂരിൽ സംഘടിപ്പിച്ചിരുന്നു. സംസ്ഥാന വനവികസന ഏജൻസിയുടെ ഉദ്ഘാടനത്തോടനുബന്ധിച്ച് 3-6-2010- ൽ വനവികസന സമിതിയുടെ ഒരു സംഗമം തിരുവനന്തപുരത്ത് സംഘടിപ്പിച്ചു. കൂടാതെ ഡിവിഷൻ തലത്തിൽ വനവികസന സമിതികളും, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും ഇടയ്ക്കിടയ്ക്ക് വിളിച്ച് ചേർത്ത് വനസംരക്ഷണ പ്രവർത്തനങ്ങൾ സംബന്ധിച്ച ചർച്ച നടത്തുകയും ചെയ്ത് വരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 474 | 20.7.2010-ൽ മറുപടിക്ക് |
|---|---|

### പായ്ക്ക് ചെയ്ത ആഹാരസാധനങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.ടി. അഹമ്മദ് അലി | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ (ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തിനകത്ത് വില്പന നടത്തുന്ന പായ്ക്ക് ചെയ്ത ആഹാര പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ സർക്കാർ നിഷ്ക്കർഷിച്ചിട്ടുള്ള നിബന്ധനകൾ വിശദമാക്കുമോ ; | എ) സംസ്ഥാനത്തിനകത്ത് വില്പന നടത്തുന്ന പായ്ക്ക് ചെയ്ത ആഹാര പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് 1954 -ലെ ഭക്ഷ്യ മായം ചേർക്കൽ നിരോധന നിയമ പ്രകാരം കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റിയുടെ കീഴിൽ 14 ജില്ലകളിലും ജില്ലാ ഫുഡ് ഇൻസ്പെക്ടർ ഓഫീസ് നിലവിൽ ഉണ്ട് ഈ ഓഫീസിന്റെ കീഴിലുള്ള പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും നിന്ന് ഫുഡ് ഇൻസ്പെക്ടർമാർ ശേഖരിക്കുന്ന ഭക്ഷ്യ വസ്തുക്കളുടെ സാമ്പിളുകൾ തിരുവനന്തപുരം,എറണാകുളം, കോഴിക്കോട് എന്നീ 3 അനലിസ്റ്റ് ലാബുകളിൽ അയച്ച് പരിശോധിച്ചു വരുന്നു. പരിശോധനയിൽ മായം ചേർക്കൽ കണ്ടെത്തുന്ന പക്ഷം കുറ്റക്കാർക്ക് എതിരെ പ്രസ്തുത നിയമത്തിലെ സെക്ഷൻ 16 പ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| ബി) ബ്രഡും അതുപോലുള്ള ഭക്ഷ്യ വസ്തുക്കളും പ്ലാസ്റ്റിക് നൂലുപയോഗിച്ച് കെട്ടി വിപണനം നടത്തുന്നതുമൂലം പൂപ്പൽ ബാധയുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) പ്രസ്തുത ഭക്ഷ്യ വസ്തുക്കളിൽ ഗവൺമെന്റ് അനലിസ്റ്റുമാർ നടത്തിയ പരിശോധനയിൽ അപ്രകാരം ഒരു ന്യൂനത റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |
| സി) ഈ ന്യൂനത പരിഹരിക്കുന്നതിനുവേണ്ടി സുരക്ഷിതമായ പായ്ക്കിംഗ് നിഷ്ക്കർഷിച്ച് നിർദ്ദേശം നൽകുമോ ; | സി) ചോദ്യം ഉദിക്കുന്നില്ല. |
| ഡി) ബ്രഡിന്റെയും അതുപോലുള്ള ഭക്ഷ്യ വസ്തുക്കളുടെയും പായ്ക്കറ്റിൽ നിർമ്മിച്ച തീയതിയും ഉപയോഗ കാലാവധിയും വ്യക്തമായി രേഖപ്പെടുത്തുന്നില്ലെന്നകാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ? എങ്കിൽ ഈ വിവരങ്ങൾ വലിപ്പത്തിൽ രേഖപ്പെടുത്താൻ നിർദ്ദേശം നൽകുമോ? | ഡി) മായം ചേർക്കൽ നിരോധന ചട്ടം 32(i)(iv) പ്രകാരം പരമാവധി 7 ദിവസം വരെ 'shelf life' ഉള്ള പായ്ക്ക് ചെയ്ത ആഹാര പദാർത്ഥങ്ങളിൽ ഉല്പാദന തീയതി രേഖപ്പെടുത്തേണ്ടതില്ല. അത് ഏത് ദിവസത്തിന് മുമ്പ് (use by date) ഉപയോഗിക്കണമെന്ന് ഉല്പാദിപ്പിക്കുന്ന ആളോ പായ്ക്ക് ചെയ്യുന്ന ആളോ ലേബലിൽ രേഖപ്പെടുത്തിയാൽ മതി. "use by date" വലിപ്പത്തിലും വ്യക്തമായും രേഖപ്പെടുത്തുന്നതിന് ബ്രഡിന്റെയും അതുപോലുള്ള ഭക്ഷ്യ വസ്തുക്കളുടെയും ഉല്പാദകർക്ക് നിർദ്ദേശം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 475 20 - 07 - 2010 ൽ മറുപടിക്ക്

## ' കേരളീയ പ്രവാസി സംഗമം' പരിപാടിയിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സി. ജോസഫ്:<br>ശ്രീ.കെ. ശിവദാസൻ നായർ:<br>ശ്രീ. എൻ. ശക്തൻ:<br>ശ്രീ. എ. എ. ഷുക്കൂർ: | ശ്രീ. വി. എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) നോർക്കയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നോർക്ക വകുപ്പിന്റേയും നോർക്ക - റൂട്ട്സിന്റേയും ആഭിമുഖ്യത്തിൽ കേരളത്തിൽ നടന്ന 'കേരളീയ പ്രവാസി സംഗമം' പരിപാടിയിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ പരിശോധിച്ചിരുന്നുവോ ; | (എ) നോർക്കയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നോർക്ക വകുപ്പിന്റേയും നോർക്ക - റൂട്ട്സിന്റേയും ആഭിമുഖ്യത്തിൽ കേരളത്തിൽ നടന്ന 'കേരളീയ പ്രവാസി സംഗമം' പരിപാടിയിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ പരിശോധിച്ചിട്ടുണ്ട്. |
| (ബി) നോർക്കയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ പ്രായോഗിക നിർദ്ദേശങ്ങളാണ് ഇത്തരത്തിൽ സർക്കാരിന് ലഭിച്ചത് ; | (ബി) നോർക്കയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നടത്തിയ കേരളീയ പ്രവാസി സംഗമം 2008 ൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളാണ് പ്രവാസികൾക്കായുള്ള തിരിച്ചറിയൽ കാർഡ്, ആഗോള മലയാളി സംഗമവും യുവജനോത്സവും, പ്രവാസി ക്ഷേമനിധി, പ്രവാസി മലയാളികൾക്കായി നിക്ഷേപം ആകർഷിക്കുന്നതിലേയ്ക്കായി പുതിയ കമ്പനി, ഹെറിറ്റേജ് വില്ലേജ്, സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാം എന്നിവ. |
| (സി) ഇക്കാര്യത്തിൽ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു; | (സി) കേരളീയ പ്രവാസി സംഗമം 2008 ൽ ഉരുത്തിരിഞ്ഞ മേൽപ്പറഞ്ഞ നിർദ്ദേശങ്ങളിൽ പ്രവാസികൾക്കായുള്ള തിരിച്ചറിയൽ കാർഡ്, സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാം, ക്ഷേമനിധി എന്നിവ നടപ്പിൽവരുത്തിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) ഇനിയും എന്തൊക്കെ കാര്യങ്ങൾ പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നത്; | (ഡി)ഹെറിറ്റേജ് വില്ലേജ് നടപ്പിലാക്കുന്നതിനായി 2009 - 2010 വർഷത്തിൽ 50 ലക്ഷം രൂപ വകകൊള്ളിച്ചിരുന്നു. 2010 - 11 വർഷത്തിലും 50 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിലേക്കായി ഒരു സാദ്ധ്യതാ പഠനം നടത്താൻ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതിയ കമ്പനി രൂപീകരിക്കുന്നതു സംബന്ധിച്ച നിർദ്ദേശം നിയമ വകുപ്പുമായി ആലോചിച്ചു വരുന്നു. അന്തിമ തീരുമാനമായിട്ടില്ല. |
| (ഇ) വിവിധ പ്രവാസി അസോസിയേഷനുകളുടെ സഹകരണത്തോടെ 2008 - ൽ നടത്തിയതരത്തിലുള്ള പ്രവാസി സംഗമം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ ? | (ഇ) അത്തരമൊരുകാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 476 20.07.2010 -ൽ മറുപടിയ്ക്ക്

## ആദിവാസികളുടെ ക്ഷേമത്തിനായി വനം വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ<br>ശ്രീ.സി.കെ.പി.പത്മനാഭൻ<br>ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ. ബിനോയ് വിശ്വം (വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ആദിവാസികളുടെ ക്ഷേമത്തിനായി വനം വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ് ; വിശദാംശം നൽകുമോ ; | (എ) | പാർപ്പിടം, ഭക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ എന്നീ അടിസ്ഥാന മേഖലകൾ കേന്ദ്രീകരിച്ച് വിവിധ ക്ഷേമ പ്രവർത്തനങ്ങൾ ആദിവാസികൾക്കായി വനംവകുപ്പ് നടപ്പാക്കുന്നു. പങ്കാളിത്ത വനപരിപാലന സ്ഥാപനങ്ങളായ വന സംരക്ഷണ സമിതികൾ, ഇക്കോഡവലപ്പ്മെന്റ് കമ്മിറ്റികൾ എന്നിവവഴിയാണ് പ്രധാനമായും പദ്ധതികൾ നടപ്പാക്കുന്നത്. വനാവകാശ നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളോടൊപ്പം താഴെപ്പറയുന്ന പരിപാടികളും നടപ്പാക്കുന്നു.<br>1. വനമേഖലയിലെ ആദിവാസികൾക്ക് പരമാവധി തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നു.<br>2.സർക്കാരിന്റെ വിവിധ ഭവനപദ്ധതികളുടെ ഗുണഭോക്താക്കളായ ദാരിദ്ര്യരേഖക്കു താഴെയുള്ള ആദിവാസികൾക്ക് സൗജന്യമായി തടി നൽകുന്നതിനുള്ള നടപടികൾ തുടരുന്നു.<br>3.തടിയിതര വനവിഭവങ്ങൾ ആദിവാസികൾക്ക് സൗജന്യമായി അലോട്ടുചെയ്യുന്നു.<br>4. തടിയിതര വനവിഭവങ്ങളുടെ ശേഖരണം, സംഭരണം, സംസ്ക്കരണം, മൂല്യവർദ്ധന വിപണനം എന്നിവയ്ക്കായി വനശ്രീ പദ്ധതി നടപ്പാക്കുന്നു.<br>5. ആദിവാസികൾക്ക് സ്വന്തം ആവശ്യത്തിനായി ഈറ്റയും, മുളയും നിലവിലുള്ള സീനിയറേജ് നിരക്കിന്റെ 50 ശതമാനം ഈടാക്കി നൽകി വരുന്നു.<br>6. ആദിവാസികൾ ഉൾപ്പെടെയുള്ള പരമ്പരാഗത ഈറ്റതൊഴിലാളികൾക്ക് കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ വഴി സൗജന്യമായി ഈറ്റ നൽകിവരുന്നു.<br>7. വനാവകാശനിയമത്തിന്റെ അടിസ്ഥാനത്തിൽ ആദിവാസി കോളനികളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി 1 ഹെക്ടർ വരെ വനഭൂമി ഡി.എഫ്.ഒ. തലത്തിൽ നൽകുന്നു.<br>8. ആദിവാസികളുടെ കൃഷിയിടങ്ങളിൽ |

| | | | |
|---|---|---|---|
| | | | ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും, ജൈവ കുരുമുളക് വിദേശത്തേക്ക് കയറ്റി അയയ്ക്കുകയും ചെയ്യുന്നു.<br>9. വിവിധ പദ്ധതികളിൽ നിന്നുള്ള ഫണ്ടുപയോഗിച്ച് ഭവന നിർമ്മാണം, ഹോസ്റ്റൽ കെട്ടിടനിർമ്മാണം, റോഡ് വികസനം എന്നിവ നടപ്പാക്കുന്നു.<br>10. തീരെ അവികസിത മേഖലകളായ അട്ടപ്പാടിയിലെ കുറുമ്പ കോളനിയിലും ഇടമലക്കുടിയിലെ മുതുവ കോളനിയിലും സമഗ്ര ഊരുവികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നു.<br>11. ആദിവാസികളുടെ ആരോഗ്യപരിരക്ഷക്കായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.<br>12. അപകട മരണത്തിനും, വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കുമെതിരെ എല്ലാ ആദിവാസികൾക്കും ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പട്ടിക വർഗ്ഗ കോളനികളുടെ വൈദ്യുതീകരണത്തിനും കുടിവെള്ള പദ്ധതികൾക്കും വനഭൂമി ലഭ്യമാക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (ബി) | കേന്ദ്ര സർക്കാരിന്റെ 18.05.2009 -ലെ മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് വനാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന സെറ്റിൽമെന്റുകളിലെ 13 തരം വികസനാവശ്യങ്ങൾക്കായി 1 ഹെക്ടർ വരെ വന ഭൂമി 75 മരങ്ങൾ വരെ മുറിച്ചുമാറ്റാമെന്ന വ്യവസ്ഥയിൽ ഡി. എഫ്. ഒ. തലത്തിൽ അനുവദിച്ചു നൽകുന്നു. |
| സി) | ആദിവാസികൾക്ക് സൗജന്യനിരക്കിൽ ഈറ്റയും മുളയും ലഭ്യമാക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ ; | സി) | പട്ടികവർഗ്ഗക്കാർക്ക് ഈറ്റയും മുളയും നിലവിലുള്ള സീനിയറേജു നിരക്കിന്റെ 50 ശതമാനം ഈടാക്കിക്കൊണ്ടു നൽകുന്നതിന് 2007-ൽ സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. കൂടാതെ ആദിവാസികൾ ഉൾപ്പെടെയുള്ള പരമ്പരാഗത ഈറ്റതൊഴിലാളികൾക്ക് കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ വഴി സൗജന്യമായി ഈറ്റ നൽകിവരുന്നു. |
| ഡി) | വനമേഖലയിൽ പണിയെടുക്കുന്ന ആദിവാസികൾക്ക് മെച്ചപ്പെട്ട കൂലി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ? | ഡി) | വനമേഖലയിൽ പണിയെടുക്കുന്ന ആദിവാസികൾക്ക് സർക്കാർ വനമേഖലയിലെ തൊഴിലാളികൾക്ക് നിശ്ചയിച്ചിട്ടുള്ള മിനിമം വേജസ് നിരക്കിൽ വേതനം നൽകുന്നുണ്ട്. ഈ നിരക്കുകൾ പുതുക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യംനമ്പർ 477 20-07-2010 ൽ മറുപടിയ്ക്ക്

## പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ഹൗസിംഗ് ബോർഡിന്റെ വികസന പദ്ധതികൾ

ചോദ്യം
ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്
ശ്രീ.പി.കെ.അബ്ദുറബ്ബ്

എ) പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ (പി.പി.പി) ഹൗസിംഗ് ബോർഡിന്റെ സ്ഥലങ്ങളിൽ നടപ്പാക്കുന്ന വികസന പദ്ധതികൾ വിശദീകരിക്കുമോ ;

ബി) പ്രസ്തുത പദ്ധതിപ്രകാരം പൊതുമേഖല യിൽ നിന്നും സ്വകാര്യ മേഖലയിൽ നിന്നും എത്ര തുക വീതം നിക്ഷേപം ഉണ്ടായിട്ടുണ്ട് ;

ഉത്തരം
ശ്രീ. ബിനോയ് വിശ്വം
(വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി)

എ) & ബി) ഭവനനിർമ്മാണ ബോർഡിന്റെ പ്രധാനപ്പെട്ട സ്ഥലങ്ങൾ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ (PPP) വികസിപ്പിക്കുന്നതിന് ദേശീയവും, അന്തർ ദേശീയവുമായ ടെണ്ടർ വഴി സ്വകാര്യ സംരംഭകരെ കണ്ടെത്തേണ്ടതുണ്ട്. ഇതിനായി ഈ മേഖലയിൽ കഴിവു തെളിയിച്ചിട്ടുള്ള കൺസൾട്ടന്റുമാരുടെ സേവനം പ്രയോജനപ്പെടുത്താനും അനുമതി നൽകിയിട്ടുണ്ട്. കൊച്ചി മറൈൻഡ്രൈവിലുള്ള ബോർഡിന്റെ 17.9 ഏക്കർ സ്ഥലം Joint Venture (JV)/ Public Private Partnership (PPP) ലൂടെ Special Purpose Vehicle (SPV) രൂപീകരിച്ചോ/ Development Agreement ലൂടെയോ വികസിപ്പിക്കുന്നതിനുള്ള Development Partner റെ കണ്ടെത്തുന്നതിനുള്ള Consultant നെ തെരെഞ്ഞെടുത്തിട്ടുണ്ട് .കൺസൾട്ടൻസി ജോലികൾ പുരോഗമിച്ചു വരുന്നു. അവരുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ കൈകൊള്ളുന്നതാണ്.

തിരുവനന്തപുരം ജില്ലയിലെ ആക്കുളത്ത് കേരളസംസ്ഥാന ഭവനനിർമ്മാണ ബോർഡും നാഷണൽഗെയിംസ് സെക്രട്ടറിയേറ്റും സംയുക്തമായി സ്വകാര്യ പങ്കാളിത്വത്തോടെയാണ് ഗെയിംസ് വില്ലേജ് നിർമ്മിക്കുന്നത്. ഇതിനായി വിശദമായ രൂപരേഖ തയ്യാറാക്കുന്നതിന് പി.ഡബ്ള്യൂ.സി എന്ന കൺസൾട്ടൻസിയെ ആണ് ഏൽപ്പിച്ചിരിക്കുന്നത് ഇതിന്റെ ടെൻഡർ ഉടൻ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

ബോർഡിന്റെ മറ്റു ചില സ്ഥലങ്ങളായ ചേവരമ്പലം, തൃക്കാക്കര, ചാലക്കുടി, അമ്പലനഗർ, ആക്കുളം, തിരുവനന്തപുരം പണ്ഡിറ്റ് കോളനി, പി.ടി.ചാക്കോ നഗർ , പട്ടം , ജഗതി , പനമ്പിള്ളി നഗർ , കുമാരനാശാൻ നഗർ

തുടങ്ങിയ സ്ഥലങ്ങളിൽ Build --Share – Transfer (BST) രീതിയിൽ പദ്ധതികൾ നടത്താനും അനുമതി നൽകിയിരുന്നു. സ്വകാര്യസംരംഭകരെ കണ്ടെത്തുന്നതിന് National Competitive Bidding വഴി ഓഫറുകൾ ക്ഷണിച്ചിരുന്നു. ബോർഡിന് ലാഭകരമായി തോന്നുന്ന ഓഫറുകൾ സ്വീകരിക്കാനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. ടി പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലായതിനാൽ എത്ര രൂപയുടെ നിക്ഷേപം ലഭിക്കുമെന്ന് അറിയാൻ ഇരിക്കുന്നതേയുള്ളൂ. നിലവിൽ നിക്ഷേപമൊന്നും ലഭ്യമായിട്ടില്ല.

സി) ഹൗസിംഗ് ബോർഡിന്റെ ഏതെല്ലാം ജില്ലകളിലെ എത്ര സ്ഥലം വീതമാണ് വികസനത്തിന് ഉപയോഗപ്പെടുത്തിയതെന്ന് വിശദമാക്കുമോ ?

സി) വികസന പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറായി വരുന്നതേയുള്ളൂ. അതിനാൽ ബോർഡിന്റെ ഒരു സ്ഥലവും നിലവിൽ ഉപയോഗപ്പെടുത്തിയിട്ടില്ല

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 478

20-07-2010 -ൽ മറുപടിക്ക്

## സിയാൽ അക്കാദമിയുടെ ആസ്ഥാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ.കെ.ബാബു :<br>ശ്രീ.വി.ഡി.സതീശൻ :<br>ശ്രീ.എ.എ.ഷുക്കൂർ : | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) സിയാൽ (CIAL) അക്കാദമിക്ക് സ്വന്തമായി ആസ്ഥാനം പണിയുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കിയിട്ടുണ്ടോ ;<br><br>(ബി)ഇതിനായി എന്ത് സ്ഥലമാണ് ഇതുവരെ അക്കാദമിക്ക് നൽകിയത്; | (എ)യും(ബിയും)<br>സിയാൽ അക്കാദമിയ്ക്കായി അത്താണിയിൽ KAMCO യ്ക്ക് സമീപം അഞ്ച് ഏക്കർ ഭൂമി കേരള സർക്കാർ അനുവദിച്ചിട്ടുണ്ട്. |
| (സി) സിയാൽ അക്കാദമിയുടെ കീഴിൽ പ്രവർത്തിക്കുന്ന എയർക്രാഫ്റ്റ് മെയ്ന്റനൻസ് എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ എന്തൊക്കെ കോഴ്സുകൾ പഠിപ്പിക്കാനാണ് സൗകര്യമൊരുക്കുന്നത്; | (സി) തുടക്കത്തിൽ സിയാൽ എയർക്രാഫ്റ്റ് മെയിന്റനൻസ് എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഏവിയോണിക് സ്ട്രീമിലെ കോഴ്സാണ് നടത്തുവാനുദ്ദേശിക്കുന്നത്. |
| (ഡി) ഇവിടത്തെ പുതിയ കോഴ്സുകൾ എന്നത്തേക്ക് ആരംഭിക്കുമെന്നും ആദ്യവർഷം എത്ര വിദ്യാർത്ഥികൾക്ക് ഈ കോഴ്സുകളിൽ പ്രവേശനം നൽകാൻ കഴിയും എന്നും വ്യക്തമാക്കുമോ? | ഡി)ഏവിയോണിക് സ്ട്രീമിലെ കോഴ്സ് ആരംഭിക്കുന്നതിന് സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറലിന്റെ അംഗീകാരം ലഭിക്കണം. ഈ അംഗീകാരം ഇക്കൊല്ലംതന്നെ നേടാൻ സാധിക്കുമെന്നും, ഇൻസ്റ്റിറ്റ്യൂട്ടിൽ ഇക്കൊല്ലം തന്നെ ഏവിയോണിക് സ്ട്രീം തുടങ്ങുവാൻ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു. ഒരു ബാച്ചിൽ 60 വിദ്യാർത്ഥികളെയാണ് ഉൾപ്പെടുത്തുന്നത്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 479 — 20/07/2010 - ൽ മറുപടിക്ക്.

## ദേശീയ ജലപാത വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.മുരളി<br>ശ്രീ.ടി.എൻ.പ്രതാപൻ | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ദേശീയ ജലപാതാ വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് കേന്ദ്ര സഹായത്തോടെ എന്തൊക്കെ ബോട്ട് ടെർമിനലുകൾ നിർമ്മിക്കാനാണ് പദ്ധതിയിട്ടിരുന്നത് ; | (എ) ഈ പദ്ധതി ദേശീയ ജലപാത അതോറിറ്റി നേരിട്ടാണ് നടത്തുന്നത്. ദേശീയ ജലപാത വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ആകെ 11 ടെർമിനലുകൾ നിർമ്മിക്കാനാണ് പദ്ധതി. (1) കാക്കനാട് (2) കോട്ടപ്പുറം (3) ആലുവ (4) മരട് (5) വൈക്കം (6) തണ്ണീർമുക്കം (7) ആലപ്പുഴ (8) തൃക്കുന്നപ്പുഴ (9) ആയിരംതെങ്ങ് (10) ചവറ (11) കൊല്ലം. ഇതിൽ താഴെപറയുന്ന 7 എണ്ണം നിർമ്മാണം പൂർത്തിയായതായി IWAI അറിയിച്ചിട്ടുണ്ട്.<br>(i) കോട്ടപ്പുറം<br>(ii) ആലുവ-ഇടയാർ<br>(iii) മരട്<br>(iv) വൈക്കം<br>(v) തണ്ണീർമുക്കം<br>(vi) തൃക്കുന്നപ്പുഴ<br>(vii) ആയിരംതെങ്ങ് (കായംകുളം) |
| (ബി) ഈ പദ്ധതിയിൻ കീഴിൽ എന്തൊക്കെ നദിയോര സ്ഥലങ്ങൾ ഏറ്റെടുത്തു ;<br>(സി) ഇത്തരത്തിൽ ഏറ്റെടുത്ത സ്ഥലങ്ങളിൽ ഇതുവരെ എന്തൊക്കെ പ്രവൃത്തികൾ നടത്തിയിട്ടുണ്ട് എന്ന് വിശദീകരിക്കുമോ ? | (ബി)യും (സി)യും<br>വിവരം ശേഖരിച്ചു വരുന്നു. |

Kumar

സെക്ഷൻ ഓഫീസർ

<u>പന്ത്രണ്ടാം കേരള നിയമസഭ</u>
<u>പതിനഞ്ചാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.480 — 20.7.2010 ൽ മറുപടിയ്ക്ക്

## ലോട്ടറിവകുപ്പിൽ നടപ്പാക്കിയ ഭരണ പരിഷ്കാര നടപടികൾ

<u>ചോദ്യം</u>

ശ്രീ.ആനത്തലവട്ടം ആനന്ദൻ
ശ്രീമതി.പി.അയിഷാ പോറ്റി
ശ്രീ.ടി.പി.കുഞ്ഞുണ്ണി
ശ്രീ മുരളി പെരുനെല്ലി

<u>ഉത്തരം</u>

ഡോ.റ്റി .എം.തോമസ് ഐസക്ക്
(ധനകാര്യ വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ലോട്ടറി വകുപ്പിൽ ഈ സർക്കാർ വന്നശേഷം നടപ്പാക്കിയ ഭരണ പരിഷ്കാര നടപടികൾ വിശദമാക്കുമോ; | (എ) യും (ബി) യും | ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാന ഭാഗ്യക്കുറി നടത്തിപ്പ് സമഗ്രമായ പരിഷ്കാരങ്ങൾക്ക് വിധേയമാക്കി. ഇതിന്റെ ഭാഗമായി 15.5.07 ലെ ജി.ഒ. (എം.എസ്) നമ്പർ 124/07/റ്റിഡി നമ്പർ ഉത്തരവിലൂടെ വകുപ്പിന്റെ നവീകരണത്തിനും സമഗ്രമായ പുന:സംഘടനയ്ക്കും സർക്കാർ ഉത്തരവായി. ഇതിന്റെ വെളിച്ചത്തിൽ സർക്കാരിൽ നിക്ഷിപ്തമായിരുന്ന എല്ലാ അധികാരങ്ങൾ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് നൽകിയതിനെ തുടർന്ന് പുതിയ ഭാഗ്യക്കുറികൾ ആരംഭിക്കുന്നത്, സമ്മാന ഘടന പരിഷ്കാരം, പരസ്യ പ്രചാരണം തുടങ്ങിയ മേഖലകളിൽ ഭാഗ്യക്കുറി ഡയറക്ടർക്ക് തന്നെ തീരുമാനമെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി 1 ലക്ഷം രൂപ വരെയുള്ള സമ്മാന ക്ലെയിമുകൾ ജില്ലാ ഭാഗ്യക്കുറി ഓഫീസർമാർക്കും, 20 ലക്ഷം രൂപ വരെയുള്ള ക്ലെയിമുകൾ സമ്മാന വിഭാഗം ഡെപ്യൂട്ടി ഡയറക്ടർക്കും 20 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ക്ലെയിമുകൾ ഭാഗ്യക്കുറി ഡയറക്ടർക്കും പാസ്സാക്കി നൽകാവുന്നതാണ്.<br>കൂടുതൽ റവന്യൂ വരുമാനം സ്വരൂപിക്കുന്നതിനായി പുതുതായി 3 പ്രതിവാര ഭാഗ്യക്കുറികളും 2 ദ്വൈവാര ഭാഗ്യക്കുറികളും ആരംഭിച്ചു.<br>ചൈതന്യ പ്രതിവാര ഭാഗ്യക്കുറിയുടെ സമ്മാന ഘടന ഇനോവ കാർ കൂടി വാഗ്ദാനം ചെയ്ത് പരിഷ്കരിച്ചു. ഏജന്റുമാർക്കും വിൽപ്പനക്കാർക്കും കൂടുതൽ ആനുകൂല്യങ്ങൾ നൽകി.<br>ടിക്കറ്റുകളിലെ സുരക്ഷിതത്വസംവിധാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ബാർകോഡിംഗ് സംവിധാനം |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കി. കാക്കനാട് കെ.ബി.പി.എസ്., മണ്ണന്തല ഗവൺമെന്റ് പ്രസ്സ് എന്നിവയ്ക്കു പുറമേ KSAV&RC യിലും ടിക്കറ്റ് അച്ചടിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.<br>വില്പന പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ഏജന്റുമാർക്ക് ബാങ്ക് ഗ്യാരണ്ടി വ്യവസ്ഥയിൽ ടിക്കറ്റുകൾ കടമായി നൽകി തുടങ്ങിയത് വില്പനയിൽ ഗണ്യമായ വർദ്ധനവുണ്ടാക്കി.<br>ഏജൻസി ശൃംഖല വിപുലപ്പെടുത്തുന്നതിലേയ്ക്കായി ഏജൻസി ഫീസ് 400 രൂപയിൽ നിന്നും 200 രൂപയായും പുതുക്കൽ ഫീസ് 100 രൂപയിൽ നിന്ന് 50 രൂപയായും കുറവ് ചെയ്യുകയും, കാഷ്വൽ ഏജൻസി ഫീസ് 50 രൂപയായി നിജപ്പെടുത്തുകയും ചെയ്തു.<br>മൊത്തം വിറ്റു വരവിന്റെ 3% വരുന്ന തുക പരസ്യ പ്രചാരണത്തിന് ഉപയോഗിക്കു ന്നതിന് അനുമതി ലഭിച്ചതിനെ തുടർന്ന് പരസ്യങ്ങൾക്കായി പത്ര ടെലിവിഷൻ മാധ്യമങ്ങൾ ഫലപ്രദമായി ഉപയോഗിച്ചു വരുന്നു.<br>വിവിധ ഓഫീസുകൾ നവീകരിക്കുന്നതിന് ഡയറക്ടറേറ്റിന് 38.85 ലക്ഷം രൂപയും മേഖല ഭാഗ്യക്കുറി ഡയറക്ടറേറ്റിന് 25 ലക്ഷം രൂപയും ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾക്ക് 50 ലക്ഷം രൂപയും 2009-10 ൽ അനുവദിച്ചു<br>ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനുമായി ബി.എസ്. എൻ. എൽ. ക്ലോസ്ഡ് യൂസർ സമ്പ്രദായം നടപ്പിലാക്കി.<br>സർക്കാർ നിർദ്ദേശാനുസരണം ഭാഗ്യക്കുറി വെബ്സൈറ്റ് Content Managment Frame Work ലേയ്ക്ക് മാറ്റുന്നതിനായി കെൽട്രോണിനെ ചുമതലപ്പെടുത്തി.<br>നിലവിലുണ്ടായിരുന്ന ക്ഷേമനിധി വിപുലീകരിച്ച് കൂടുതൽ ക്ഷേമപദ്ധതികൾ ഉൾപ്പെടുത്തുകയും ക്ഷേമനിധിയ്ക്ക് പ്രത്യേകം ആസ്ഥാന മന്ദിരം ആരംഭിക്കുകയും ചെയ്തു<br>നവീകരണ പ്രക്രിയയുടെ ഭാഗമായി വകുപ്പ് പുന:സംഘടിപ്പിക്കുകയും ഡയറക്ടറേറ്റിൽ ഒരു അഡീഷണൽ ഡയറക്ടറുടെയും പ്രിന്റിംഗ് ചുമതലയുള്ള ഡെപ്യൂട്ടി ഡയറക്ടറുടെയും |

<table>
<tr><td></td><td></td><td></td><td>തന്ത്രികകൾ അനുവദിക്കുകയും ചെയ്തു. നറുക്കെടുപ്പ് ഫലം പ്രസിദ്ധീകരിക്കുന്നതിന് ആധുനിക സങ്കേതങ്ങൾ പ്രയോജനപ്പെടുത്തിയും റിസൾട്ടുകൾ അപ്പപ്പോൾ തന്നെ വകുപ്പിന്റെ വെബ് സൈറ്റിൽ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചതും നവീകരണ പ്രക്രിയയുടെ ഭാഗമായാണ്.</td></tr>
<tr><td>(ബി)</td><td>വകുപ്പിന്റെ ഘടനയിലും നടത്തിപ്പിലും എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്;</td><td></td><td></td></tr>
<tr><td>(സി)</td><td>ഇതിന്റെ ഫലമായി ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ;</td><td>(സി)</td><td>ഭാഗ്യക്കുറി വില്പനയിലും വകുപ്പിന്റെ ലാഭത്തിലും നല്ല വർദ്ധനവ് ഉണ്ടായിട്ടുണ്ട്.<br>വകുപ്പിന്റെ നടത്തിപ്പിൽ വരുത്തിയ പരിഷ്കാരങ്ങളുടെ ഫലമായി പൊതുജനങ്ങൾക്കും ഏജന്റുമാർക്കും കൂടുതൽ വേഗത്തിലും കാര്യക്ഷമമായും സേവനം ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്. ഏജൻസി ഫീസ് പുതുക്കൽ ഫീസ് എന്നിവ ഗണ്യമായി കുറച്ചതിനെ തുടർന്ന് കൂടുതൽ ഏജന്റുമാരെ ആകർഷിക്കുന്നതിന് കഴിഞ്ഞു. പാശ്ചാത്തല സൗകര്യ വികസനത്തിന്റെ ഭാഗമായി നടന്നു വരുന്ന ഓഫീസ് നവീകരണനടപടികളുടെ ഫലമായി കൂടുതൽ കാര്യക്ഷമമായ പ്രവർത്തനം ലഭ്യമാക്കുവാൻ കഴിയും.</td></tr>
<tr><td>(ഡി)</td><td>ഭാഗ്യക്കുറി വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കിയിട്ടുണ്ടോ;</td><td>(ഡി)</td><td>ഇല്ല. ഭാഗ്യക്കുറി വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം ത്വരിതഗതിയിൽ നടന്നു വരുന്നു.</td></tr>
<tr><td>(ഇ)</td><td>ഭാഗ്യക്കുറി വിറ്റുവരവിൽ എന്തുമാത്രം പുരോഗതി ഉണ്ടായിട്ടുണ്ട്;</td><td>(ഇ)</td><td><table><tr><th>വർഷം</th><th>വരുമാനം കോടിയിൽ</th></tr><tr><td>2006-07</td><td>236.15</td></tr><tr><td>2007-08</td><td>333.85</td></tr><tr><td>2008-09</td><td>484.57</td></tr><tr><td>2009-10</td><td>625.74</td></tr></table></td></tr>
<tr><td>(എഫ്)</td><td>സമ്മാന ഘടനയിൽ വരുത്തിയ മാറ്റങ്ങൾ മൂലം വിറ്റുവരവിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?</td><td>(എഫ്)</td><td>സമ്മാന ഘടനയിൽ മാറ്റങ്ങൾ വരുത്തിയതുമൂലം ഭാഗ്യക്കുറി വിറ്റുവരവിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2008-09 സാമ്പത്തിക വർഷത്തിൽ 484.57 കോടി രൂപയും, 2009-10 സാമ്പത്തിക വർഷത്തിൽ 625.74 കോടി രൂപയും വിറ്റു വരവ് ഇനത്തിൽ ലഭിക്കുകയുണ്ടായി.</td></tr>
</table>

Chandrika

സെക്ഷൻ ഓഫീസർ